# മരുപ്പച്ച

സമകാലിക പത്രിക

MEMBER
NEWS PAPERS
ASSOCIATION OF INDIA

e-mail: maruppacha@yahoo.com

വാല്യം - 15 ലക്കം: 24 2011 ഡിസംബർ 20 www.maruppachapathram.com വില 4.00


## ബ്രദറൺ സഭ ജനറൽ കൺവൻഷൻ

### ഡിസംബർ 25 ന് തുടക്കം

കുമ്പനാട്: ബ്രദറൺ സഭയുടെ നേതൃത്വത്തിൽ വർഷംതോറും നടത്തിവരാറുള്ള ജനറൽ കൺവൻഷൻ 25 മുതൽ ജനുവരി 1 വരെ നടക്കും.

കുമ്പനാട് നോയൽ മെമ്മോറിയൽ എച്ച്എസ്എസിന് സമീപം പ്രത്യേകം തയ്യാറാക്കുന്ന പന്തലിലാണ് കൺവൻഷൻ നടക്കുന്നത്. 25ന് വൈകിട്ട് 6ന് ഉദ്ഘാടനം നടക്കും. 26ന് 10 മണിക്ക് സുവിശേഷകൻ ബാലസംഘം ഏകദിനസമ്മേളനം, 27ന് 10.30ന് സുവിശേഷകന്മാരുടെ യോഗം.

28ന് 10.30ന് സോദരീസമാജം, 29ന് 10മണിക്ക് മിഷനറി മീറ്റിങ്ങ്, 30ന് 10.30ന് പൊതുയോഗം, 31ന് 10.30ന് കുടുംബ സംഗമം, ജനുവരി ഒന്നിന് 7.30ന് സൺഡേസ്ക്കൂൾ, 10ന് ആരാധന, തുടർന്ന് സമാപനസന്ദേശം എന്നിവയാണ് പരിപാടികൾ. ഇത്തവണത്തെ കൺവൻഷനിൽ എം. എം. സഖറിയ, ഡോ ഒ. എം. സാമുവൽ, ചാണ്ടപ്പിള്ള ഫിലിപ്പ്, വർഗീസ് കെ കുര്യൻ, ജോസ് മാത്യൂസ്, ജോൺ പി തോമസ്, സാമുവൽ ബി തോമസ്, ടി. ജി. ബെന്നി എന്നിവരാണ് പ്രസംഗകർ.

26 മുതൽ 31 വരെ രാവിലെ 8.30 മുതൽ 9.30 വരെ ഡോ. ഒ. എം. സാമുവലിന്റെ നേതൃത്വത്തിൽ ബൈബിൾ ക്ലാസ് നടക്കും.

കൺവൻഷന്റെ ഭാഗമായി രാത്രിയോഗങ്ങളും വിവധ സ്ഥലങ്ങളിലും പരസ്യയോഗങ്ങളും നടക്കും. കൺവൻഷൻ പ്രസംഗങ്ങൾ www.radiomanna.com എന്ന സൈറ്റിലൂടെ തത്സമയം പ്രക്ഷേപണം ചെയ്യും.




# കുമ്പനാട് കൺവെൻഷൻ ജനുവരി എട്ടു മുതൽ

**ജോജി ഐപ്പ് മാത്യൂസ്**

കുമ്പനാട്: ഇന്ത്യ പെന്തക്കോസ്ത് ദൈവസഭയുടെ രാജ്യാന്തര ആത്മീയ സംഗമമായ കുമ്പനാട് കൺവൻഷൻ ജനുവരി എട്ടിന് തുടങ്ങും. 15ന് സമാപിക്കും. കൺവൻഷനുള്ള ഒരുക്കങ്ങൾ പൂർത്തിയായി വരികയാണ്. റവ.ഡോ.തോംസൺ. കെ.മാത്യു (യുഎസ്എ) ആണ് മുഖ്യ പ്രഭാഷകൻ.

എട്ടാം തീയതി ഞായറാഴ്ച്ച വൈകിട്ട് ആറിന് സഭ ജനറൽ പ്രസിഡന്റ് പാസ്റ്റർ ഡോ. കെ.സി.ജോൺ കൺവൻഷൻ ഉദ്ഘാടനം ചെയ്യും. സഭയുടെ സീനിയർ ജനറൽ മിനിസ്റ്റർ പാസ്റ്റർ റ്റി.എസ് ഏബ്രഹാം അദ്ധ്യക്ഷത വഹിക്കും. ജനറൽ സെക്രട്ടറി പാസ്റ്റർ ഡോ. റ്റി.വൽസൺ ഏബ്രഹാം ചിന്താവിഷയം അവതരിപ്പിച്ച് വചനപ്രഭാഷണം നടത്തും. പൂർണ്ണതയിലേക്ക് മുന്നേറുക എന്നതാണ് ചിന്താവിഷയം.

പുലർച്ചെ 5.30 മുതൽ രാത്രി 8.30 വരെ എല്ലാ ദിവസവും തുടർമാനമായി യോഗങ്ങൾ ഉണ്ടാകും. 10-ാം തീയതി ചൊവ്വാഴ്ച 10 മണിക്ക് ഹെബ്രോൻ ബൈബിൾ കോളേജ് ബിരുദദാനം, 12ന് 2 മണിക്ക് സോദരി സമാജം സമ്മേളനം, 13 ന് രണ്ട് മണിക്ക് മറുനാടൻ മലയാളി വിശ്വാസികളുടെ സംഗമം, 14 ന് എട്ട് മണിക്ക് സ്നാനശുശ്രൂഷ, രണ്ട് മണിക്ക് സൺഡേസ്കൂൾ - പി.വൈ.പി.എ സമ്മേളനം എന്നിവ നടക്കും. 15ന് എട്ട് മണിക്ക് പതിനായിരക്കണക്കിന് വിശ്വാസികൾ പങ്കെടുക്കുന്ന തിരുവത്താഴ ശുശ്രൂഷ നടക്കും. തുടർന്ന് സമാപന സമ്മേളനം നടക്കും. ഐ.പി.സി സൺഡേസ്കൂൾ അസോസിയേഷന്റെ സുവർണ്ണ ജൂബിലി സമാപന സമ്മേളനം കൺവൻഷനോടനുബന്ധിച്ച് നടക്കും. ജൂബിലി സുവനീയറും പ്രകാശനം ചെയ്യും. ദിവസവും 10ന് കുട്ടികളുടെ പ്രോഗ്രാമും നാലു മണിക്ക് യൂത്ത് അഡ്വാൻസ് യുവജന സമ്മേളനവും നടക്കും. 101 അംഗ കൺവൻഷൻ ക്വൊയർ ആണ് ഗാനശുശ്രൂഷ നടത്തുന്നത്. പാസ്റ്റർ ഡോ. കെ.സി.ജോൺ, പാസ്റ്റർ ഡോ. റ്റി.വൽസൻ ഏബ്രഹാം എന്നിവർ കൺവീനർമാരായി വിപുലമായ കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം നടക്കുന്നു. കൺവൻഷൻ ദിവസങ്ങളിൽ കെഎസ്ആർടിസി ദീർഘദൂരം ഉൾപ്പെടെയുള്ള സർവ്വീസുകൾ നടക്കും. റ്റി.കെ.റോഡിൽ പാർക്കിങ്ങ് നിയന്ത്രണവും ഉണ്ടാകും.

## പി.വൈ.പി.എ. ജനറൽ ക്യാമ്പ് പെരുമ്പാവൂരിൽ

കുമ്പനാട്: പി.വൈ.പി.എ 64-ാമത് ജനറൽ ക്യാമ്പ് ഡിസംബർ 26ന് പെരുമ്പാവൂർ കീഴില്ലം പെനിയേൽ ബൈബിൾ സെമിനാരിയിൽ ആരംഭിക്കും. വൈസ് പ്രസിഡന്റ് പാസ്റ്റർ സാംകുട്ടി ജോണിന്റെ അദ്ധ്യക്ഷതയിൽ പ്രസിഡന്റ് പാസ്റ്റർ വി.പി.ഫിലിപ്പ് ഉദ്ഘാടനം ചെയ്യും. ഡിസം. 28ന് സമാപിക്കും. പാസ്റ്റർ കെ.സി ജോൺ സമാപന സന്ദേശം നൽകും. അജി കല്ലുങ്കൽ, സാം പനച്ചയിൽ, സാബു ചാപ്രത്ത്, ഫിന്നി വർഗീസ്, ബിനു ജേക്കബ് എന്നിവർ നേതൃത്വം നൽകും. ക്യാമ്പ് ജനറൽ കോ- ഓർഡിനേറ്ററായി പാസ്റ്റർ മൈക്കിൾ മാത്യു, എ.കെ രാജനും പ്രവർത്തിക്കുന്നു. ജോബി ഏബ്രഹാമാണ് ക്യാമ്പ് സെക്രട്ടറി. പ്രീ-രജിസ്ട്രേഷനുവേണ്ടി പാസ്റ്റർ ഷാജി കുമ്പളപ്പള്ളിൽ (9961582768), ജോബി ഏബ്രഹാം (9446227934).

## കൊച്ചുപ്പാപ്പൻ

*"മുല്ലപ്പെരിയാർ ഡാമിനെപ്പറ്റി കേരളത്തിന്റെ അശാങ്ക അസ്ഥാനത്താണ്. മുല്ലപ്പെരിയാർപൊട്ടുകയില്ല."*

**കേന്ദ്ര ആഭ്യന്തരമന്ത്രി**
**പി. ചിദംബരം**




**ചിദംബരം രാഷ്ട്രീയക്കാരൻ മാത്രമല്ല പ്രവാചകൻകൂടിയാണ്**

## കർത്താവിന്റെ നാട്ടിലെ കാഴ്ചകൾ




ചരിത്ര സ്പന്ദനമുള്ള ബൈബിൾ നാടുകളിലെ കാഴ്ചകൾ ഏതൊരു വിശ്വാസിയുടെയും ആവേശാനുഭവമാണ്. രക്ഷകന്റെ നാട്ടിലെ നിരവധി ചിത്രങ്ങൾ അടങ്ങിയ മരുപ്പച്ചയുടെ മൾട്ടികളർ കലണ്ടർ മരുപ്പച്ച വരിക്കാർക്ക് സൗജന്യമായി നൽകുന്നു. കുമ്പനാട് കൺവൻഷനിൽ വരിസംഖ്യ അടയ്ക്കുന്നവർക്കാണ് തികച്ചും സൗജന്യമായി നൽകുന്നത്. കലണ്ടർ തപാലിൽ അയയ്ക്കുന്നതല്ല. സ്റ്റോക്ക് തീരുന്നതുവരെ തിരുവല്ല മരുപ്പച്ചയുടെ ഓഫീസിൽ നിന്നും നേരിട്ട് വാങ്ങാവുന്നതാണ്. വരിസംഖ്യ അടയ്ക്കാൻ വരുമ്പോൾ റാപ്പർകൂടി കൊണ്ടുവരിക. റാപ്പർ നഷ്ടപ്പെട്ട് പോയെങ്കിൽ റഫറൻസ് നമ്പർ ദയവായി കുറിച്ചുകൊണ്ടുവരിക. ***(അടുത്തലക്കം മരുപ്പച്ചയുടെ റാപ്പർ കീറി എടുത്തു സൂക്ഷിക്കുക).***




പുതുതായി വരിക്കാരാകുന്നവർക്കും സൗജന്യമായി കലണ്ടർ നൽകുന്നു. വരിസംഖ്യ അടയ്ക്കാത്തവർക്ക് കലണ്ടർ ലഭിക്കുന്നതല്ല.

മരുപ്പച്ച വിഷന്റെ സി.ഡികളും ദീപ്തി പബ്ലിക്കേഷൻസിന്റെ പുസ്തകങ്ങളും സൗജന്യനിരക്കിൽ മരുപ്പച്ച കൗണ്ടറിൽ നിന്നും ലഭിക്കും.

ഹെബ്രോൻ കോമ്പൗണ്ടിനെതിർവശത്തുള്ള ഗ്രൗണ്ടിലാണ് മരുപ്പച്ചയുടെ സ്റ്റാളുകൾ പ്രവർത്തിക്കുന്നത്.

ചെയർമാൻ
ജോൺ വർഗീസ്

മാനേജിംഗ് എഡിറ്റർ
സ്റ്റാൻലി ജോർജ്ജ്

ചീഫ് എഡിറ്റർ
അച്ചൻകുഞ്ഞ് ഇലന്തൂർ

ഓവർസീസ് എഡിറ്റർ
ഉമ്മൻ എബനേസർ

ഓവർസീസ് ഡയറക്ടർ
ഡോ. എം.എസ്. സാമുവൽ

റസിഡന്റ് എഡിറ്റർ
കുര്യാക്കോസ് തോട്ടത്തിൽ

അസോസിയേറ്റ് എഡിറ്റേഴ്സ്
വർഗീസ് മാത്യു
ചാർലീസ് മാത്യു
റെജി മൂലേടം
മാത്യൂസ് പി. ജോൺ
ജോസ് ഐക്കരപ്പടി
റെഞ്ചി ജേക്കബ് ജോർജ്
ബെന്നി കൊച്ചുവടക്കേൽ

സബ് എഡിറ്റേഴ്സ്
ജെസ്സി വർഗീസ്
ജെയ് തോമസ് മാലിയിൽ

സ്പെഷ്യൽ റിപ്പോർട്ടേഴ്സ്
റ്റീയെസ് കപ്പമാംമൂട്ടിൽ
റെജി വർഗീസ് വെണ്ണിക്കുളം
ഫിന്നി ബെഞ്ചമിൻ വർഗീസ്
ഫിന്നി രാജു ഹൂസ്റ്റൺ
ജസ്റ്റസ് ചന്ദ്രബോസ്
സാം മാത്യു

യു. എസ്. ജനറൽ കോ-ഓർഡിനേറ്റർ
സാം പണിക്കർ
യു. കെ. ജനറൽ കോ-ഓർഡിനേറ്റർ
ജിജി ബറോഡ

യു.എ.ഇ. ജന. കോ-ഓർഡിനേറ്റർ
ജോൺ മത്തായി അതിരുങ്കൽ

ജോ. കോ-ഓർഡിനേറ്റർ
ജെയിംസ് മേമന

കോ-ഓർഡിനേറ്റേഴ്സ്
കെ.റ്റി.ജോഷ്വ
ജോൺ കാട്ടുപറമ്പിൽ
രാജൻ ഏബ്രഹാം
ജോൺസൺ ജോർജ്ജ് ഡാളസ്സ്
ജോയി സാം ജേക്കബ് കാനഡ

മരുപ്പച്ച
വാർഷിക വരിസംഖ്യ
ഇന്ത്യയിൽ : 100 രൂപ
യു.എസ്.എ. & കാനഡ : $ 50
ഇംഗ്ലണ്ട് : 20 പൗണ്ട്
ഗൾഫ് രാജ്യങ്ങൾ : 2000 രൂപ

വരിസംഖ്യ അയയ്ക്കേണ്ട വിലാസം
മരുപ്പച്ച
പ്ലാന്തോട്ടം കോംപ്ലക്സ്
തിരുവല്ല-1, കേരള.
ഫോൺ : 0469-2634321
e-mail: maruppacha@yahoo.com

എഡിറ്റോറിയൽ

# മുല്ലപ്പെരിയാറിന്റെ രാഷ്ട്രീയം

**കേ**രളത്തിനും തമിഴ്നാടിനും ജോൺ പെന്നി കിക് എന്ന ബ്രിട്ടീഷ് എഞ്ചിനീയറെ മറക്കാനാവില്ല. സ്വന്തം സ്വത്തുക്കൾകൂടി വിറ്റു കിട്ടിയ കാശുകൊണ്ടാണ് മുല്ലപ്പെരിയാർ ഡാം അദ്ദേഹം നിർമ്മിച്ചത്. കേരളത്തിലെ ജനങ്ങളെ വെള്ളപ്പൊക്ക കെടുതികളിൽ നിന്നും രക്ഷിക്കുക, ഊഷരഭൂമിയായ തമിഴ്നാടിന്റെ അഞ്ചു ജില്ലകളിലെ രണ്ടുലക്ഷത്തോളം ഏക്കർ ഭൂമിയെ കൃഷിസ്ഥലമാക്കുക ഇവയായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം.

ലോകത്തിലെ തന്നെ ഏറ്റവും പഴക്കമുള്ള ഈ അണക്കെട്ടിന് നവംബർ 18ന് 116-ാം പിറന്നാളായിരുന്നു. ഡാം സ്ഥിതി ചെയ്യുന്നതിനു സമീപം കഴിഞ്ഞ നാലു മാസത്തിനകം 20ൽ പരം ഭൂചലനങ്ങളുണ്ടായി. എല്ലാറ്റിന്റെയും പ്രഭവകേന്ദ്രം ഡാമിന്റെ സമീപപ്രദേശങ്ങളും.

അൻപത് വർഷം മാത്രം ആയുസ്സു കല്പിച്ചിട്ടുള്ള അണക്കെട്ട് ഒരു നൂറ്റാണ്ടും പതിനാറ് വർഷവും പിന്നിടുമ്പോൾ കേരളക്കരയിലെ മുപ്പത്തിയഞ്ചുലക്ഷം പേരുടെ ജീവനു ഭീഷണിയായി തീർന്നിരിക്കുന്നു. 6.5 റിക്ടർ സ്കെയിലിൽ ഭൂചലനങ്ങളുണ്ടായാൽ മുല്ലപ്പെരിയാർ മഹാദുരന്തമായി മാറും. ലോകം കണ്ടിട്ടുള്ള മനുഷ്യനിർമ്മിതമായ ഏറ്റവും വലിയ ദുരന്തമായിരിക്കും സംഭവിക്കുക. ഈ മഹാവിപത്ത് മുന്നിൽ കണ്ടിട്ടും രാഷ്ട്രീയം കളിക്കുന്ന കേന്ദ്രആഭ്യന്തരമന്ത്രി പി. ചിദംബരം മനസാക്ഷിയില്ലാത്ത ഭരണാധികാരിയാണ്.

മുല്ലപ്പെരിയാർ ഒരു രാഷ്ട്രീയ അജണ്ടയായി കാണാനാവില്ല. ലക്ഷക്കണക്കിനു ജനങ്ങളുടെ സുരക്ഷയുടെ പ്രശ്നമാണത്. കഴിഞ്ഞ അഞ്ചുവർഷമായി ചപ്പാത്തിൽ മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷയ്ക്കുവേണ്ടി സമരം നടക്കുന്നു. അടുത്ത കാലത്തുമാത്രമാണ് അത് ജനകീയ പ്രക്ഷോഭമായി മാറിയത്.

> **മൻമോഹൻ സിങ്ങും ജയലളിതയും ഉമ്മൻചാണ്ടിയും ഒരു മേശയ്ക്കു ചുറ്റുമിരുന്നു ചർച്ച ചെയ്താൽ തീരാവുന്ന പ്രശ്നമേയുള്ളൂ ഇത്. പക്ഷേ രാഷ്ട്രീയ ഇച്ഛാശക്തിയുണ്ടാകണം. അതിനുള്ള ആർജ്ജവം കേന്ദ്ര ഭരണകൂടത്തിനുണ്ടോയെന്നതാണ് സംശയം.**

പുതിയ ഡാം നിർമ്മിക്കുന്നതിന് തമിഴ്നാട്ടിലെ എല്ലാ രാഷ്ട്രീയ പാർട്ടികളും എതിരാണ്. അതുകൊണ്ടാണ് ജയലളിത മുല്ലപ്പെരിയാർ ഡാമിനു അനുകൂലമായി നിലപാടെടുക്കാത്തത്. തമിഴ്നാട്ടിൽ താമസിക്കുന്ന മലയാളികൾ ഇപ്പോൾ ആക്രമിക്കപ്പെടുകയാണ്. വേദനപ്പെടുത്തുന്ന വാർത്തകളാണ് മലയാളികളിൽ നിന്നും കേൾക്കുന്നത്. മുല്ലപ്പെരിയാർ ഡാം പൂർണ്ണതോതിൽ സുരക്ഷിതമാണെന്ന നിലപാടിലാണ് ജയലളിത. 6.5 റിക്ടർ സ്കെയിൽ ഭൂചലനമുണ്ടായാൽ മുല്ലപ്പെരിയാർ തകർന്നുപോകുമെന്ന് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂർക്കി നടത്തിയ പഠനത്തിൽ പറയുന്നുണ്ട്.

വൻകിട അണക്കെട്ടുകളുടെ പണികൾക്ക് മേൽനോട്ടം വഹിക്കുന്ന ഇന്റർനാഷണൽ കമ്മീഷൻ ഓഫ് ലാർജ് ഡാംസിന്റെ കണക്കനുസരിച്ച് ഒരു അണക്കെട്ടിന്റെ ആയുസ് അരനൂറ്റാണ്ട്.

തിരുവിതാംകൂർ മഹാരാജാവ് വിശാഖം തിരുനാളും സെക്രട്ടറി ഓഫ് സ്റ്റേറ്റ് ഫോർ ഇന്ത്യയും തമ്മിൽ അണക്കെട്ടു നിർമ്മാണത്തിന് 1886 ഒക്ടോബർ 28നാണ് ധാരണയായത്. 152 അടി ജലശേഖരണശേഷിയുള്ള ഡാം പെരിയാർ നദിക്കു കുറുകെ 9 വർഷം കൊണ്ട് ലോകത്തിലെ ഏറ്റവും ഉയരമുള്ള അണക്കെട്ടായി ഉയർന്നു. 4426 പേരുടെ ജീവൻ ഇതിനായി ഹോമിക്കേണ്ടിവന്നു.

കുമ്മായവും ശർക്കരയും കൊണ്ടുള്ള മിശ്രിതം ഉപയോഗിച്ചാണ് ലോകത്തിലെ ഏറ്റവും പഴക്കമുള്ള ഈ ഗ്രാവിറ്റി അണക്കെട്ട് നിർമ്മിച്ചത്. 1895ൽ ഡാം കമ്മീഷൻ ചെയ്യുമ്പോൾ 1200 അടി നീളവും 155 അടി ഉയരവും ഉണ്ട്. 15 ദശലക്ഷം ക്യൂബിക് അടി വെള്ളത്തിന്റെ ഈ സംഭരണി സമുദ്രനിരപ്പിൽ നിന്നും 5000 അടി മുകളിലാണ്. അധിക ജലം പുറത്തേക്കുവിടാൻ 13 സ്പിൽവേകളും ഇതിന്റെ പ്രത്യേകതയാണ്. 50 വർഷത്തെ ആയുസാണ് ഡാമിന്റെ നിർമ്മിതാവായ ജോൺ പെന്നികിക്ക് കല്പിച്ചിട്ടുള്ളത്. പുതിയ സാങ്കേതിക വിദ്യ ഉപയോഗിച്ചു നിർമ്മിക്കുന്ന ഡാമുകളുടെ ആയുസുപോലും കേവലം 70 വർഷം മാത്രം. മുല്ലപ്പെരിയാർ ഡാമിന്റെ 300 കിലോമീറ്റർ ചുറ്റളവിൽ 22 ഭ്രംശമേഖലകൾ ഉണ്ടെന്നാണ് നമ്മെ സംഭ്രമിപ്പിക്കുന്നത്. 6.5 റിക്ടർ സ്കെയിലിൽ ഭൂചലനമുണ്ടാകാൻ സാധ്യതയുള്ള സ്ഥലമാണ് കൊടൈവനല്ലൂർ-തേക്കടി. അണക്കെട്ടിൽ നിന്നും ഇവിടേക്ക് 16 കിലോമീറ്റർ മാത്രമേ ദൂരമുള്ളൂ.

ഡാമിന്റെ ബലക്ഷയം സംബന്ധിച്ചു പഠിക്കാൻ സുപ്രീംകോടതി ചുമതലപ്പെടുത്തിയ സെൻട്രൽ സോയിൽ ആൻഡ് മെറ്റീരിയൽ റിസർച്ച് സ്റ്റേഷൻ ടീം നൽകിയ റിപ്പോർട്ടിൽ പറയുന്നത്, മുല്ലപ്പെരിയാർ തകർന്നാൽ കേരളം രണ്ടായി വിഭജിക്കപ്പെടുമെന്നാണ്. മുല്ലപ്പെരിയാറിൽ ഇപ്പോൾ 11 ദശലക്ഷം ക്യൂബിക് അടി വെള്ളമുണ്ട്. ഡാം തകരുമ്പോൾ കല്ലും മണ്ണും തടിയും മറ്റവശിഷ്ടങ്ങളുമെല്ലാം വെള്ളത്തോടൊപ്പം ഒലിച്ചു പോകുമ്പോഴുണ്ടാകുന്ന ദുരന്തവ്യാപ്തി ആർക്ക് പ്രവചിക്കാനാവും?

കേരളത്തിനു മാത്രമല്ല ദുരന്തക്കെടുതി അനുഭവിക്കേണ്ടിവരിക. വൈഗയിലെ 80 മെഗാവാട്ട് വൈദ്യുതി ശ്രോതസ് ഇല്ലാതെയാകും. 60 ലക്ഷം ജനങ്ങൾക്ക് കുടിവെള്ളം ഇല്ലാതെയാകും. രാമനാഥപുരം, ശിവഗംഗ, ദിണ്ഡിക്കൽ, മധുര, തേനി ജില്ലകൾ മരുഭൂമിയാകും. 2.30 ലക്ഷം ഏക്കർ കൃഷിസ്ഥലം മരുഭൂമിയാകും.

പുതിയ അണക്കെട്ടിനെ തമിഴ്നാട് എന്തുകൊണ്ട് എതിർക്കുന്നു? വെള്ളം തമിഴ്നാടിനുകൂടിയേ തീരൂ. പുതിയ അണക്കെട്ടു നിർമ്മിച്ചാൽ പഴയ കരാറിലുള്ള ബാക്കി 875 വർഷത്തേക്കുള്ള വെള്ളം കേരളം കൊടുക്കുമെന്നുറപ്പില്ല. പ്രത്യേകിച്ച് കേരളത്തിനു ജലാവശ്യങ്ങൾ വർദ്ധിച്ച സാഹചര്യത്തിൽ. നിലവിലുള്ള കരാർ അതേപടി തന്നെ നിലനിർത്താനാവുമോയെന്നു തീർച്ചയില്ല. മുല്ലപ്പെരിയാറിന്റെ രാഷ്ട്രീയം നമ്മെ വേദനിപ്പിക്കുന്നതാണ്. രാഷ്ട്രീയ ലാഭത്തിനു വേണ്ടി രാജാക്കന്മാരും ജനാധിപത്യ ഭരണകൂടങ്ങളും നടത്തിയ കളികളാണ് ഇന്ന് ജനങ്ങളുടെ ജീവനു ഭീഷണിയായിരിക്കുന്നത്. 1886 ലെ കരാറിൽ പറയുന്നത് തമിഴ്നാടിനു കൃഷിക്കുമാത്രമാണ് വെള്ളം കൊടുത്തത്. പക്ഷേ അവർ അതിൽ നിന്നും വൈദ്യുതിയും എടുത്തു. കരാറിനെപ്പറ്റി സി.ആർ. നീലകണ്ഠൻ ഇങ്ങനെ പറയുന്നു: “ആദ്യ കരാറിൽ 99 വർഷമേ ഉണ്ടായിരുന്നുള്ളൂവെന്നും വെള്ളം വീണ് അഥവാ ഒഴിച്ച് - ആ അക്കങ്ങൾ മാഞ്ഞുപോയി. പകരം 999 എന്ന് എഴുതിച്ചേർക്കുകയായിരുന്നെന്നും ഒരു പക്ഷാന്തരമുണ്ട്.”

ബ്രിട്ടീഷുകാരുടെ കാലത്തുണ്ടാക്കിയ കരാറുകൾ തുടർന്നു നിലനിർത്തുവാനോ അഴിച്ചുപണിയുവാനോ പരിപൂർണ്ണമായ അധികാരം എല്ലാ സംസ്ഥാനങ്ങൾക്കും സ്വതന്ത്ര ഭാരതത്തിന്റെ ഭരണഘടന നൽകുന്നുണ്ട്. 1957 ൽ ആണ് കേരളം രൂപപ്പെട്ടത്. ആ കാലഘട്ടത്തിൽ തന്നെ മുല്ലപ്പെരിയാർ കരാറിനെപ്പറ്റി ചിന്തിക്കേണ്ടതായിരുന്നു. സി. അച്യുതമേനോൻ മുഖ്യമന്ത്രിയായിരിക്കുമ്പോഴാണ് മുല്ലപ്പെരിയാർ കരാറിന് സ്ഥിതീകരണം ഉണ്ടാകുന്നത് 1970ൽ. കേരളം കണ്ട ഏറ്റവും നല്ല പ്രഗത്ഭനായ ഭരണകർത്താവാണ് അച്ചുതമേനോൻ. മന്ത്രിസഭയുടെ തീരുമാനം പോലുമില്ലാതെയാണ് അദ്ദേഹം കരാറ് പുതുക്കിക്കൊടുത്തത്. എന്തുകൊണ്ടിങ്ങനെ സംഭവിച്ചുയെന്നത് ഒരു ദുരൂഹതയായി ശേഷിക്കുന്നു.

2003 ൽ ഇറിഗേഷൻ കൺസർവേഷൻ ആക്ട് നിലവിൽ വന്നു. 2006 ൽ അതിൽ ഭേദഗതിയുണ്ടായി. അതോടെ ട്രാവൻകൂർ, കൊച്ചി, മലബാർ ഇറിഗേഷൻ ആക്ടുകൾ ഇല്ലാതെയായി. ഉന്നതമായ അധികാരങ്ങളുള്ള ഡാം സേഫ്റ്റി അതോറിറ്റി നിലവിൽ വന്നു. എന്നാൽ ഈ സ്ഥാപനം മുല്ലപ്പെരിയാർ പ്രശ്നത്തിൽ ഇടപെടാതെ ഉറങ്ങിക്കിടക്കുന്നു. നിലവിലുള്ള ഏതുകരാറുകളെ പരിശോധിക്കാനും തീരുമാനമെടുക്കാനും സർക്കാരിനു പൂർണ്ണ അധികാരമുണ്ട്. എന്നിട്ടും മുല്ലപ്പെരിയാർ രാഷ്ട്രീയ വിവാദമാക്കുന്നു.

കേരളത്തിലെ ജലസമ്പത്ത് കൈകാര്യം ചെയ്യാൻ കേരളത്തിന് പരിപൂർണ്ണ അധികാരമുണ്ട്. മുല്ലപ്പെരിയാർ ഇത്രയും കാലം നീട്ടിക്കൊണ്ടുപോയതിൽ രാഷ്ട്രീയക്കാർ കുറ്റവാളികളാണ്.

തമിഴ്നാടിന് വെള്ളം കൊടുക്കുവാൻ കേരളത്തിന് ധാർമ്മിക ഉത്തരവാദിത്വമുണ്ട്. വെള്ളം കൊടുക്കരുതെന്ന് ഒരു രാഷ്ട്രീയ പാർട്ടികളും പറയുകയില്ല. കേരളത്തിലെ ജനങ്ങളുടെ സുരക്ഷപ്രധാനമാണ്. ഡാം പൊട്ടുകയില്ലെന്നു ജയലളിതയ്ക്ക് എങ്ങനെ ഉറപ്പിച്ചു പറയാൻ കഴിയും? 6.5 റിക്ടർ സ്കെയിൽ ഉള്ള ഭൂകമ്പം മുല്ലപ്പെരിയാറിനെ തകർത്തെറിഞ്ഞാൽ ഉണ്ടാകുന്ന ദുരന്തത്തിന് ആര് ഉത്തരം പറയും?

മുല്ലപ്പെരിയാറിൽ മനുഷ്യനിർമ്മിതമായ ഒരു മഹാദുരന്തം മണക്കുന്നുണ്ട്. ഇത് ഒഴിവാക്കാനാവില്ലേ? അതിനു കോടതിവിധി വരുന്നതുവരെ കാത്തിരിക്കണോ?



മൻമോഹൻ സിങ്ങും ജയലളിതയും ഉമ്മൻചാണ്ടിയും ഒരു മേശയ്ക്കു ചുറ്റുമിരുന്നു ചർച്ച ചെയ്താൽ തീരാവുന്ന പ്രശ്നമേയുള്ളൂ ഇത്. പക്ഷേ രാഷ്ട്രീയ ഇച്ഛാശക്തിയുണ്ടാകണം. അതിനുള്ള ആർജ്ജവം കേന്ദ്ര ഭരണകൂടത്തിനുണ്ടോയെന്നതാണ് സംശയം.

മുപ്പത്തിയഞ്ചുലക്ഷം ജനങ്ങളുടെ ജീവനു വിലപേശുന്ന രാഷ്ട്രീയക്കളി ഇനി അധികനാൾ നീണ്ടുപോകയില്ല. രാഷ്ട്രീയ സിംഹാസനങ്ങളെ തച്ചുടയ്ക്കുന്ന ജനകീയ മുന്നേറ്റത്തിന്റെ ആരവം കേൾക്കുന്നുണ്ട്.

*അച്ചൻകുഞ്ഞ് ഇലന്തൂർ*





മരുപ്പച്ചയുടെ പുതിയ വെബ്സൈറ്റ് സന്ദർശിക്കുക
www.maruppachapathram.com
മരുപ്പച്ച
വെബ്സൈറ്റിൽ
മരുപ്പച്ച സൗജന്യമായി വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാം. നിങ്ങൾ ലോകത്തിന്റെ എവിടെയാണെങ്കിലും എല്ലാ മാസവും 07, 22 തീയതികളിൽ മരുപ്പച്ച വായിക്കാം. സന്ദർശിക്കുക:
www.maruppachapathram.com

## മാവോയിസ്റ്റുകളുടെ ഭാരതം



> പന്ത്രണ്ടുവർഷത്തോളമായി ഝാർഖണ്ഡിലെ തന്റെ പ്രവർത്തന സ്ഥലത്ത് ഖനി മാഫിയകളുടെ ചൂഷണത്തിൽനിന്ന് ആദിവാസികളെ രക്ഷിക്കുന്നതിനും അവരുടെ അവകാശങ്ങൾക്കുവേണ്ടി ധീരമായി പൊരുതുന്നതിനും മുന്നിൽ നിന്ന് പ്രവർത്തിച്ച് വിജയം വരിച്ച മിഷനറി വനിതയാണ്. അമ്പത്തിരണ്ടാമത്തെ വയസ്സിൽ രക്തസാക്ഷിയായ സിസ്റ്റർ വൽസ ഭരണകൂടത്തിന്റെയും വർഗ്ഗീയശക്തികളുടെയും മാവോയിസ്റ്റുവിപ്ലവകാരികളുടെയും കോർപ്പറേറ്റ്-ഭൂമാഫിയകളുടെയുമെല്ലാം കണ്ണിലെ കരടായിരുന്നുവെന്നാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്.

# സിസ്റ്റർ വൽസയുടെ രക്തം നിലവിളിക്കുന്നു



**എ.ഐ. ജോർജ്ജ്കുട്ടി**

സത്യത്തിനും നീതിക്കും വേണ്ടി പടപൊരുതിയ മലയാളിയായ മിഷനറിവനിതയുടെ ക്രൂരമായ കൊലപാതകം ഇന്ത്യയുടെ മനഃസാക്ഷിക്ക് ഏറ്റ ആഴമായ ഒരു മുറിവാണ്.

ഝാർഖണ്ഡിലെ പാക്കൂർ ജില്ലയിലെ പച്ച്വാഡ ഗ്രാമത്തിൽ സിസ്റ്റേഴ്സ് ഓഫ് ചാരിറ്റി ഓഫ് ജീസസ് ആൻഡ് മേരി സന്യാസ സമൂഹത്തിലെ അംഗമായ സിസ്റ്റർ വൽസ ജോൺ ഒറ്റയ്ക്ക് താമസിക്കുന്ന കുടിലിനുള്ളിൽ 2011 നവംബർ 15 ചൊവ്വ അർദ്ധരാത്രിയിൽ ഉറക്കത്തിലായിരുന്ന സിസ്റ്ററിനെ അമ്പതോളം വരുന്ന അക്രമികളുടെ സംഘം മഴുകൊണ്ട് വെട്ടി കൊലപ്പെടുത്തി.

എറണാകുളത്തിനടുത്ത ഇടപ്പള്ളി സ്വദേശിനിയായ സിസ്റ്റർ കഴിഞ്ഞ പന്ത്രണ്ടുവർഷത്തോളമായി ഝാർഖണ്ഡിലെ തന്റെ പ്രവർത്തന സ്ഥലത്ത് ഖനിമാഫിയകളുടെ ചൂഷണത്തിൽനിന്ന് ആദിവാസികളെ രക്ഷിക്കുന്നതിനും അവരുടെ അവകാശങ്ങൾക്കുവേണ്ടി ധീരമായി പൊരുതുന്നതിനും മുന്നിൽ നിന്ന് പ്രവർത്തിച്ച് വിജയം വരിച്ച മിഷനറി വനിതയാണ്. അമ്പത്തിരണ്ടാമത്തെ വയസ്സിൽ രക്തസാക്ഷിയായ സിസ്റ്റർ വൽസ ഭരണകൂടത്തിന്റെയും വർഗ്ഗീയശക്തികളുടെയും മാവോയിസ്റ്റുവിപ്ലവകാരികളുടെയും കോർപ്പറേറ്റ്-ഭൂമാഫിയകളുടെയുമെല്ലാം കണ്ണിലെ കരടായിരുന്നുവെന്നാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്.

ആദിവാസികളെ അവരുടെ ഭൂമിയിൽനിന്ന് ആട്ടിപ്പായിച്ചിട്ട് അവിടം മുഴുവനും കൽക്കരി ഖനിയാക്കുന്നതിനും അതുവഴി കോടികൾ സ്വന്തമാക്കുന്നതിനുമുള്ള വമ്പന്മാരുടെ പരിശ്രമങ്ങളെ തടയുന്നതിനും, ദരിദ്രരും നിരക്ഷരരുമായ ആദിവാസികളെ ബോധവൽക്കരിച്ച് തങ്ങളുടെ അവകാശങ്ങൾ ചോദിച്ചുവാങ്ങുന്നതിന് അവരെ പ്രാപ്തരാക്കുകയും ഉത്തേജിപ്പിക്കുകയും, അതിനുവേണ്ടിയുള്ള സമരത്തിൽ നേതൃത്വം നല്കുകയും ചെയ്ത അസാധാരണ വ്യക്തിത്വമായിരുന്നു ഈ കേരളത്തിന്റെ പുത്രിയുടേത്.

കേരളത്തിലെ സാമൂഹ്യ സാഹചര്യത്തിൽനിന്നും വളരെ വിഭിന്നമാണ് ഉത്തരേന്ത്യയിലെ വ്യവസ്ഥിതികൾ. ജന്മിമാരും അവരുടെ പിണിയാളുകളും ചേർന്ന് പാവപ്പെട്ടവരും ദരിദ്രരുമായ ഭൂരിപക്ഷത്തെ അടിച്ചമർത്തി ചൂഷണം ചെയ്തുപോരുന്ന സ്ഥിതിയിൽ ഭരണകൂടവും ജനപ്രതിനിധികളും അതിനെ കണ്ടില്ലെന്ന് നടിക്കുകയോ ഉന്നതന്മാർക്കുവേണ്ടി നിലകൊള്ളുകയോ ചെയ്യുന്നു. ജനങ്ങൾ സ്വതന്ത്രമായി പാർക്കുന്ന രീതിക്കുപകരം ഒന്നിച്ചുചേർന്ന് ഒരു ഗ്രാമമായി അടുത്തടുത്ത വീടുകളിൽ പാർക്കുന്നു. അവരുടെ കൃഷിസ്ഥലങ്ങൾ ഗ്രാമത്തിന് വെളിയിലായിരിക്കും. ജനങ്ങളുടെമേൽ ഗ്രാമത്തലവന് ഒരു നാട്ടുരാജാവിന്റെ അധികാരത്തിന് സമാനമായ സ്വാധീനമാണ് ഉള്ളത്.

ഇങ്ങനെയുള്ള ഒരു ദേശത്ത് അന്യനാട്ടുകാരിയായ ഒരു മിഷനറിവനിത എത്തിച്ചേർന്ന് അവരുടെയിടയിൽ പ്രവർത്തിച്ച് ജനങ്ങൾക്ക് വിദ്യാഭ്യാസവും സ്വതന്ത്രമായി ചിന്തിക്കാനും സ്വന്തം അവകാശങ്ങളെപ്പറ്റി ബോധവാന്മാരാകുന്നതിനും പരിശീലിപ്പിക്കുക എന്നത് നിസ്സാര കാര്യമല്ല.

ജന്മിമാർക്കും മേലാളന്മാർക്കും അടിമകളായി കഴിഞ്ഞിരുന്നവർ സാമ്പത്തിക ചൂഷണത്തിനും ശാരീരിക ചൂഷണത്തിനും വിധേയരാകേണ്ടിവന്നിരുന്നു. അതിനെ ചോദ്യം ചെയ്യുന്നതിനും എതിർത്തു തോല്പിക്കുന്നതിനും ഒരാൾ വന്നത് പലരുടെയും സൈ്വര്യം കെടുത്തുന്ന കാര്യമായിരുന്നു. കൊല്ലപ്പെടുന്നതിന് ഏതാനും നാളുകൾക്കുമുമ്പ് സിസ്റ്ററിന്റെ സന്തതസഹചാരിണിയായിരുന്ന ഒരു യുവതിയെ മാനഭംഗം ചെയ്ത സംഭവത്തിൽ ഒരാൾക്കെതിരെ സിസ്റ്റർ പോലീസിൽ പരാതിപ്പെട്ട സംഭവം ഉണ്ടായി എന്ന വാർത്ത ഇതിനോട് ചേർത്ത് ചിന്തിക്കണം.

പഞ്ചാബ് ഇലക്ട്രിസിറ്റി ബോർഡും പാനേം കമ്പനിയും ചേർന്ന് പാക്കൂർ ജില്ലയിലെ ആദിവാസിമേഖലയിൽ അവരുടെ ഭൂമി ഏറ്റെടുത്ത് കൽക്കരി ഖനി സ്ഥാപിച്ചപ്പോൾ ഭൂമി നഷ്ടമായ ആദിവാസികൾക്ക് ന്യായമായ നഷ്ടപരിഹാരം വാങ്ങിക്കൊടുക്കുന്നതിനായി സമരം നയിച്ച സിസ്റ്റർ വൽസ ജോണിന്റെ മേൽനോട്ടത്തിലായിരുന്നു കമ്പനി നല്കുന്ന നഷ്ടപരിഹാരവും ആനുകൂല്യങ്ങളും വിതരണം ചെയ്തിരുന്നത് എന്നതിനാൽ ഗ്രാമത്തലവനോ ശിങ്കിടികൾക്കോ അതിൽ തിരിമറി നടത്താൻ അവസരം കിട്ടാതിരുന്നത് വൈരാഗ്യത്തിന് ഇടയാക്കിയെന്ന് റിപ്പോർട്ടുണ്ട്. കമ്പനി കൂടുതൽ പ്രദേശങ്ങൾ ആദിവാസികളിൽനിന്നും ഇനിയും ഏറ്റെടുക്കാനുള്ള പദ്ധതിയുമായി മുന്നോട്ട് പോകുവാൻ തീരുമാനിച്ചിരുന്നു, അതിന് വിഘാതമാകുന്നത് സിസ്റ്ററിന്റെ ശക്തമായ എതിർപ്പായിരുന്നു, അതുകൊണ്ട് അവരെ ഇല്ലായ്മ ചെയ്യാൻ ഗൂഢമായി പദ്ധതിയിട്ടിരുന്നുവെന്ന് കരുതുന്നവരുണ്ട്.

സിസ്റ്ററിന്റെ സ്വാധീനം മൂലം പ്രസ്തുത പ്രദേശത്ത് മാവോയിസ്റ്റുകൾക്കും വിലസാൻ കഴിയാതെവന്നു. അതുകൊണ്ട് മാവോയിസ്റ്റുകളാണ് അവരെ കൊലപ്പെടുത്തിയത് എന്ന വിധത്തിലുള്ള



## മാവോയിസ്റ്റുകളുടെ ഭാരതം

പ്രചരണങ്ങളുണ്ട്, കേസും ആ വഴിക്കാണ് നീങ്ങുന്നതെന്ന് ഇതുവരെ നടത്തിയ അറസ്റ്റുകളും പോലീസിന്റെ ഭാഷ്യവും സൂചിപ്പിക്കുന്നു.

എന്നാൽ പ്രബലരായ ഖനിമാഫിയകളും പോലീസും എളുപ്പത്തിൽ ഈ കേസ് മാവോയിസ്റ്റുകളെന്നാരോപിച്ച് ഏതാനും ഗ്രാമീണരുടെമേൽ കെട്ടിവച്ച് അവരെ ബലിയാടുകളാക്കി തടിതപ്പാനുള്ള ശ്രമമാണെന്ന് ആക്ഷേപങ്ങളുണ്ട്. ഇതുമൂലം നിഷ്പക്ഷമായ അന്വേഷണം നടത്തി സത്യാവസ്ഥ വെളിച്ചത്തുകൊണ്ടുവരാൻ സി.ബി.ഐ.യെ അന്വേഷണചുമതല ഏല്പിക്കണമെന്നാണ് സഭ ആവശ്യപ്പെട്ടിരിക്കുന്നത്. സിസ്റ്ററിന്റെ കൊലപാതകത്തിന് പിന്നിൽ ആരെല്ലാമാണ്? ഖനി മാഫിയകളോ, മാവോയിസ്റ്റുകളോ, സിസ്റ്ററിന്റെ സംഘത്തിൽനിന്നും കുറെക്കാലം മുമ്പ് പിണങ്ങി പിരിഞ്ഞുപോയ ഏതാനും നിർദ്ധനരായ ഗ്രാമീണ യുവാക്കളോ?

**മാവോയിസ്റ്റുകളുടെ പങ്ക്**

രണ്ട് ലോകയുദ്ധങ്ങൾക്കും ജപ്പാൻ അധിനിവേശത്തിനും ഇടയിൽപ്പെട്ട് അരാജകത്വവും ദാരിദ്ര്യവും മൂലം ചൈന പൊറുതിമുട്ടിയ കാലഘട്ടമായ 1916-49 കാലയളവിൽ സോവിയറ്റ് യൂണിയന്റെ പിന്തുണയോടെ മാവോ സെ തൂങ്ങിന്റെ നേതൃത്വത്തിൽ വളർന്നു പന്തലിച്ച കമ്മ്യൂണിസ്റ്റു പ്രസ്ഥാനം ആ കാലഘട്ടത്തിൽ ചൈനയുടെ ഉൾഗ്രാമങ്ങളിൽ നിരപരാധികളായ കോടിക്കണക്കിനാളുകളെ തുടച്ചുനീക്കിക്കൊണ്ട്(അധികാരം തോക്കിൻകുഴലിലൂടെ)1949-ൽ ചൈനയുടെ ഭരണം പിടിച്ചെടുത്തു. എതിർക്കുന്നവരെ മാത്രമല്ല, തങ്ങൾക്ക് ഭാവിയിൽ ഭീഷണിയായേക്കുമെന്ന് ശങ്കതോന്നുന്ന ആരെയും നിർദ്ദയം വധിക്കുക, അവരുടെ സ്വത്തുക്കൾ പിടിച്ചെടുക്കുക എന്നതായിരുന്നു രീതി.

ഈ ആശയപ്രകാരം ഇന്ത്യയിലും 1970കളിൽ നക്സലൈറ്റ് പ്രസ്ഥാനം വേരുറപ്പിച്ചു. ഗ്രാമങ്ങളിൽ നുഴഞ്ഞുകയറി പ്രസ്ഥാനത്തിന്റെ ഒരു യൂണിറ്റ് സ്ഥാപിക്കുക, അംഗങ്ങളെ ചേർക്കുക, ഗ്രാമത്തിന്റെ ഭരണം പിടിച്ചെടുക്കുക, ഗ്രാമത്തലവനെയും മറ്റു പ്രമുഖരെയും ജനകീയവിചാരണ എന്ന പ്രഹസനം വഴി കുറ്റക്കാരെന്ന് മുദ്രകുത്തി പരസ്യമായി വധിക്കുക. ഇതോടെ ജനങ്ങളിൽ ഭീതി പരത്തുവാനും സകലരെയും അനുസരിപ്പിക്കാനും തോക്കിൻ കുഴലിന് കഴിയുന്നു.

സർവ്വകലാശാലകളിൽ അദ്ധ്യാപകരുടെ വേഷത്തിലും വിദ്യാർത്ഥികളുടെ വേഷത്തിലും നുഴഞ്ഞുകയറി യുവജനങ്ങളെ അംഗങ്ങളാക്കി യൂണിറ്റ് സ്ഥാപിക്കുന്നു. പിന്നീട് ഭരണകാര്യങ്ങളിൽ ഇടപെടുകയും തങ്ങളോട് ചേരാത്തവരെയും എതിർചേരിയിലുള്ളവരെയും ഏറ്റുമുട്ടലിലൂടെ വകവരുത്തുക എന്നിവയാണ് പ്രധാന ശൈലികൾ. സൈന്യത്തിലും ഭരണസിരാകേന്ദ്രത്തിലും വിവിധങ്ങളായ ഉദ്യോഗസ്ഥരുടെയും ഓഫീസർമാരുടെയും റോളിൽ പ്രവർത്തിക്കുമ്പോൾത്തന്നെ ചാരപ്പണി നടത്തുകയും ഭരണകൂടത്തെ ദുർബലപ്പെടുത്തുന്നതിന് ശ്രമിക്കുകയും ചെയ്യുന്നു. തങ്ങൾക്കെതിരെ ഏതെങ്കിലും നടപടികൾ എടുക്കുവാൻ ഭരണകൂടം ആലോചിക്കുമ്പോഴേക്കും അത് മണത്തറിഞ്ഞ് പ്രതിരോധം സൃഷ്ടിക്കുവാനോ എതിരായ നീക്കം നടത്തുവാനോ അവർക്ക് സാധിക്കുന്നു. ഇന്ന് നമ്മുടെ രാജ്യം നേരിടുന്ന ഏറ്റവും വലിയ ആഭ്യന്തരഭീഷണി മാവോയിസ്റ്റുകളാണെന്ന് കേന്ദ്രമന്ത്രിമാരും പ്രധാനമന്ത്രിയും ആവർത്തിക്കുന്നത് അതുകൊണ്ടാണ്.



# സുവിശേഷത്തിനു നേരെയും...

നേപ്പാളിൽ ഭരണം പിടിച്ചെടുക്കുന്നതിൽ വിജയിച്ചതും ചൈനയിൽ പരീക്ഷിച്ച് ഫലം കണ്ട മാതൃക പിന്തുടർന്നതിലൂടെയാണ്. ബംഗാളിൽ കഴിഞ്ഞയിടെ ഭരണമാറ്റം ഉണ്ടായതിന് പിന്നിലെ മാവോയിസ്റ്റുകളുടെ സ്വാധീനം പരസ്യമായ രഹസ്യമാണ്. ഇന്ത്യയിലെ അനേകം ജില്ലകൾ ഇന്ന് മാവോയിസ്റ്റ് മേൽക്കൈ ഉള്ളവയാണ്. ഒരു ജില്ലാ കളക്ടറെ ബന്ദിയാക്കുകയും പിന്നീട് ചർച്ചകൾ നടത്തുകയും ഒടുവിൽ വിട്ടയയ്ക്കുകയും ചെയ്ത സംഭവം നമ്മുടെ സമൂഹത്തെ ഞെട്ടിച്ചിരുന്നു. ചൈനയിൽ1936-ൽ (സിയാൻ സംഭവം) ചിയാങ് കൈഷക്കിനെ ബന്ദിയാക്കിയതും പിന്നീട് വിട്ടയച്ചതും കമ്മ്യൂണിസ്റ്റുകാരുടെ നേട്ടത്തിന് സഹായിച്ച നിർണ്ണായക സംഭവമായിരുന്നു.

ഇത്തരം സമ്മർദ്ദ തന്ത്രങ്ങളിലൂടെ ഉത്തരേന്ത്യയിലെ നിരവധി സംസ്ഥാനങ്ങളിലെ അനേകം ജില്ലകളെയും അസംഖ്യം ഗ്രാമങ്ങളെയും തങ്ങളുടെ ചൊൽപ്പടിയിലാക്കിയിരിക്കുന്ന പ്രസ്ഥാനമാണ് മാവോയിസ്റ്റു പ്രസ്ഥാനം. സർക്കാരിനെതിരെ വിദേശത്തുനിന്ന് ലഭിക്കുന്ന സഹായം ഉൾപ്പെടെ ഉപയോഗിച്ചുകൊണ്ട് പൊരുതുകയും ഞെട്ടിപ്പിക്കുന്ന ആക്രമണങ്ങളിലൂടെ കലാപം വിതയ്ക്കുകയും ഇടയ്ക്കെല്ലാം വെടിനിർത്തലും ചർച്ചയും പിന്നെയും പുതിയ ആക്രമണങ്ങളും മാറി മാറി നടപ്പിലാക്കിക്കൊണ്ട് സാവധാനത്തിൽ രാജ്യത്തെ അസ്ഥിരപ്പെടുത്തി ഭരണം പിടിച്ചെടുക്കുക എന്നതാണ് അവരുടെ ലക്ഷ്യം. ഇന്ത്യയിലെ 9 സംസ്ഥാനങ്ങളിലായി എൺപത്തിമൂന്ന് ജില്ലകളിൽ മാവോയിസ്റ്റുകളുടെ സ്വാധീനം നിർണ്ണായകമാണ്. ചുവന്ന ഇടനാഴി എന്ന് ഇത് അറിയപ്പെടുന്നു. അതിൽ ഝാർഖണ്ഡിലെ ആകെയുള്ള 24 ജില്ലകളിൽ 18-ലും മാവോയിസ്റ്റുകൾ നിർണ്ണായക ശക്തിയാണ്. വികസനം എത്താത്ത ആദിവാസിഗോത്രങ്ങളിലെ പട്ടിണിയും ദാരിദ്ര്യവും നിരക്ഷരതയുമെല്ലാം മുതലെടുത്ത് അവരുടെയിടയിൽ വേരുറപ്പിക്കാൻ ഈ പ്രസ്ഥാനത്തിന് വളരെ വേഗത്തിൽ സാധിക്കുന്നു. സർക്കാരിനെതിരെ ആയുധമെടുത്ത് യുദ്ധം ചെയ്യാനും ഗറില്ലാമാതൃകയിൽ ചതിപ്രയോഗത്തിലൂടെ സൈന്യത്തെയും പോലീസിനെയും കൂട്ടക്കൊല നടത്തുവാനും റയിൽപാളം ബോംബ് വച്ച് തകർക്കാനുമെല്ലാം അവർ പരിശീലിപ്പിക്കപ്പെടുന്നത് വനാന്തരങ്ങളിലാണ്.

സിസ്റ്റർ വൽസ കൊല്ലപ്പെട്ട പാക്കൂർ ജില്ല മാവോയിസ്റ്റുകളുടെ സ്വാധീനമുള്ള ഝാർഖണ്ഡിലെ 18 ജില്ലകളിൽ ഉൾപ്പെടുന്നില്ലയെന്നത് കണക്കിലെടുക്കേണ്ടുന്ന വസ്തുതയാണ്. വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെ തീവ്രവാദി സംഘടനകൾ വൻകിട കമ്പനികളിൽനിന്നും നിശ്ചിത പടി വാങ്ങി തങ്ങളുടെ പ്രസ്ഥാനം വളർത്തുന്നുവെന്നതും, മറ്റു സംസ്ഥാനങ്ങളിലും രാജ്യങ്ങളിലും ജോലിക്ക് പോയിട്ടുള്ള ആളുകളിൽനിന്നും നിർബന്ധിത പിരിവ് ഭീഷണിപ്പെടുത്തി വാങ്ങുകയും അവരിലൂടെ അതാതു സംസ്ഥാനങ്ങളിലും ദേശങ്ങളിലും തങ്ങളുടെ താല്പര്യങ്ങൾക്കായി പ്രവർത്തിക്കുന്നതിനും പരിശ്രമിക്കുകയും ചെയ്യുന്നു.

അങ്ങനെ സാധുക്കളായ യുവാക്കൾ തങ്ങളുടെ കുടുംബാംഗങ്ങളെ അവരുടെ ഭീഷണിയിൽനിന്നും ആക്രമണത്തിൽനിന്നും രക്ഷിക്കാനുള്ള വ്യഗ്രതയിൽ അവരുടെ ചട്ടുകങ്ങളായി പ്രവർത്തിക്കുന്നു. സിസ്റ്റർ വൽസയുടെ ഘാതകരെന്ന് സംശയിച്ച് അറസ്റ്റു ചെയ്യപ്പെട്ടിട്ടുള്ള ആളുകൾ ചിലപ്പോൾ ഈ ഗണത്തിൽപ്പെട്ടവരായിരിക്കാം.

**കത്തോലിക്കാ സഭയും മാവോയിസ്റ്റുകളും**

ആഗോളവ്യാപകമായി വ്യക്തമായ നിലപാടുകളുള്ള റോമൻ കത്തോലിക്കാ സഭ കമ്മ്യൂണിസത്തിന്റെ വൈരുദ്ധ്യാത്മക ഭൗതീകവാദത്തോടും നിരീശ്വരവാദത്തോടും എതിരാണ്. സോവിയറ്റ് കാലഘട്ടത്തിൽ റഷ്യയിൽ സഭ കഠിനമായ പീഡനത്തിലൂടെ കടന്നുപോയി. പുരോഹിതന്മാരും സന്യാസ സമൂഹങ്ങളും വിട്ടുവീഴ്ചയില്ലാതെ സഹനത്തിന്റെ പാതയിൽ സൈബീരിയൻ ലേബർക്യാമ്പുകളിലും മറ്റ് തടവറകളിലും രക്തസാക്ഷികളായിട്ടുണ്ട്.

എന്നാൽ ഓർത്തഡോക്സ് സഭ വിട്ടുവീഴ്ചകൾക്ക് തയ്യാറായി ഗവൺമെന്റിന്റെ കളിപ്പാവകളായി മാറിയതിനാൽ സോവിയറ്റുയുഗത്തിലെ പീഡനത്തിൽനിന്നു രക്ഷപെട്ട് ഔദ്യോഗിക സഭയായി നിലകൊണ്ടു. കമ്മ്യൂണിസ്റ്റുകാർ ചൈന കീഴ്പ്പെടുത്തുന്നയവസരത്തിൽ കത്തോലിക്കാ സഭയും അതിന് കീഴിലുള്ള മിഷനറി സമൂഹങ്ങളും തീവ്രമായ പീഡ ഏറ്റുവാങ്ങേണ്ടിവന്നു.

സമൂഹത്തെ ഉദ്ധരിക്കുകയും ബോധവല്ക്കരിക്കുകയും മാത്രമല്ല, ലോകത്തെ ഭരിക്കാൻ കമ്മ്യൂണിസ്റ്റുകാരെ അനുവദിക്കയില്ലെന്ന് വ്യക്തമായ നയം കത്തോലിക്കാ സഭയ്ക്ക് ഉണ്ട്. ഇത്തരം ഒരു ഐഡിയോളജിയുടെ തലത്തിലെ വിയോജിപ്പുമൂലം കത്തോലിക്കാ സഭാംഗമായ സിസ്റ്റർ വൽസ തങ്ങൾക്കെതിരായി കരുനീക്കങ്ങൾ നടത്തുകയോ, അവരുടെ സമ്മർദ്ദങ്ങൾക്ക് വഴങ്ങാതിരിക്കുകയോ ചെയ്യുന്നുവെന്ന ധാരണയിൽ മാവോയിസ്റ്റുകൾ ആക്രമിച്ചതാവുമോ എന്ന് വ്യക്തമല്ല. ആദിവാസികൾക്കും മറ്റ് പിന്നോക്കക്കാർക്കുമിടയിൽ മാറ്റത്തിന്റെയും സമഗ്രപുരോഗതിയുടെയും അടിത്തറ പാകുന്നതിൽ അഗ്രഗണ്യരാണ് കത്തോലിക്കാസഭയിലെ സന്യാസ സമൂഹങ്ങൾ. ഐഡിയോളജിയുടെ പേരിലുള്ള ആക്രമണമായിരുന്നെങ്കിൽ സമീപത്തുള്ള കന്യാസ്ത്രീ മഠവും പ്രദേശത്തുള്ള ക്രൈസ്തവ ആരാധനാലയങ്ങളും എല്ലാം അവർ തകർക്കുമായിരുന്നു എന്ന് അനുമാനിക്കാവുന്നതേയുള്ളൂ. മാവോയിസ്റ്റുകൾക്ക് മേൽക്കൈ ഉള്ള സ്ഥലങ്ങളിലൂടെ പ്രൊട്ടസ്റ്റന്റ് മിഷൻ പ്രവർത്തകർ സഞ്ചരിക്കുകയും പ്രവർത്തിക്കുകയും മീറ്റിംഗ് നടത്തുകയുമെല്ലാം ചെയ്യുന്നുണ്ട് എന്ന് അവരിൽ ഒരു വിഭാഗം പ്രസിദ്ധപ്പെടുത്തുന്ന ബുള്ളറ്റിനിൽ റിപ്പോർട്ട് നല്കിയിട്ടുണ്ട്. ഇതുവരെ അവരെ തടയുന്നതിനോ വിലക്കുന്നതിനോ മുതിരാതെ സുവിശേഷകരുടെ മീറ്റിംഗുകളെ നിരീക്ഷിച്ച് മടങ്ങുകയാണ് പതിവ്.

ഒരു വശത്ത് ആദിവാസികളെ ചൂഷണം ചെയ്യാൻ ശ്രമിക്കുന്ന കമ്പനിയും ഖനിമാഫിയകളും. മറുവശത്ത് ആദിവാസികളെ തങ്ങളോടൊപ്പം നിർത്താനും അവരുടെ മേൽ കർത്തൃത്വം നടത്താനും ശ്രമിക്കുന്ന തീവ്രവാദ പ്രസ്ഥാനങ്ങൾ.

ഇതിനിടയിൽ നീതിക്കുവേണ്ടിയും സത്യത്തിനുവേണ്ടിയും ഉറച്ചുനിന്ന് രക്തസാക്ഷിത്വം വരിച്ച ധീരയായ മിഷനറി വനിത എന്ന നാമധേയത്തിൽ അതുല്യമായ ഒരു സ്ഥാനം കേരളത്തിന്റെ വീരപുത്രിയായ സിസ്റ്റർ വൽസ ജോണിന് ജനഹൃദയങ്ങളിൽ എന്നെന്നും ഉണ്ടായിരിക്കും.



**സർവ്വകലാശാലകളിൽ അദ്ധ്യാപകരുടെ വേഷത്തിലും വിദ്യാർത്ഥികളുടെ വേഷത്തിലും നുഴഞ്ഞുകയറി യുവജനങ്ങളെ അംഗങ്ങളാക്കി യൂണിറ്റ് സ്ഥാപിക്കുന്നു. പിന്നീട് ഭരണകാര്യങ്ങളിൽ ഇടപെടുകയും തങ്ങളോട് ചേരാത്തവരെയും എതിർചേരിയിലുള്ളവരെയും ഏറ്റുമുട്ടലിലൂടെ വകവരുത്തുക എന്നിവയാണ് പ്രധാന ശൈലികൾ. സൈന്യത്തിലും ഭരണസിരാകേന്ദ്രത്തിലും വിവിധങ്ങളായ ഉദ്യോഗസ്ഥരുടെയും ഓഫീസർമാരുടെയും റോളിൽ പ്രവർത്തിക്കുമ്പോൾത്തന്നെ ചാരപ്പണി നടത്തുകയും ഭരണകൂടത്തെ ദുർബലപ്പെടുത്തുന്നതിന് ശ്രമിക്കുകയും ചെയ്യുന്നു.**

## പുതുവത്സര ചിന്തകൾ

# മടങ്ങാം നമുക്ക്, കുടുംബപ്രാർത്ഥനയിലേക്ക്






ബ്രദർ പി.ജി. വർഗീസ്

യേശു പ്രാർത്ഥിച്ചു. ശിഷ്യന്മാരെ പ്രാർത്ഥിക്കുവാൻ പഠിപ്പിച്ചു. പ്രാർത്ഥിക്കുവാൻ ശിഷ്യന്മാരോടു കല്പിച്ചു. ഉപവസിച്ചു പ്രാർത്ഥിക്കേണമെന്നും പഠിപ്പിച്ചു". അതിവേദനയും കഠിന ശോധനയും വന്നപ്പോഴും പ്രാർത്ഥിക്കണമെന്ന മാതൃക കാട്ടി പഠിപ്പിച്ചു. സകലവും നിവൃത്തിയാക്കിയ ശേഷം യേശു സ്വർഗ്ഗത്തിലേക്കു കരേറിപ്പോകുമ്പോഴും ശിഷ്യന്മാരോടു പറഞ്ഞു, നിങ്ങൾ കാത്തിരുന്ന് പ്രാർത്ഥിച്ച്, പരിശുദ്ധാത്മാവിനെ പ്രാപിക്കേണം". ആ ശിഷ്യഗണം അപ്രകാരം പ്രാർത്ഥിച്ചു.

പരിശുദ്ധാത്മാവു അവരിൽ വന്നു, ആവസിച്ചു, അവർ 120 പേർ പരിശുദ്ധാത്മാവിൽ നിറഞ്ഞു, ദൈവാത്മാവ് അവർക്ക് നൽകിയതുപോലെ അന്യഭാഷകളിൽ സംസാരിച്ചു. അന്ന് ആ മാളികമുറിയിൽ പുതിയനിയമ സഭ ജനിച്ചു.

അന്നുമുതൽ സഭാ വിസ്ഫോടനമാരംഭിച്ചു. 3000, 5000 എന്നിങ്ങനെ ആളുകൾ സുവിശേഷം കേട്ടു, ഹൃദയത്തിൽ പാപഭാരത്താൽ, കുത്തുകൊണ്ടവരായി, അനുതപിച്ചു. യേശുവിനെ രക്ഷകനായി സ്വീകരിച്ചു. സ്നാനപ്പെട്ട് സഭയോടു ചേർന്നു. പിന്നീട് ദിനംപ്രതി ആളുകൾ സഭയിൽ ചേർന്നു.

എതിർപ്പും പീഢനവും കൈകോർത്തു രംഗപ്രവേശം ചെയ്തു. വിശ്വാസികൾ തടവിലായി, ചിതറിപ്പോയി എന്നാൽ ക്രൂര മരണത്തിനും, പീഢനത്തിനും സഭയെ തളർത്തുവാനോ, നശിപ്പിക്കുവാനോ കഴിഞ്ഞില്ല. വീടുകളിലും ജയിലുകളിലും ശവക്കല്ലറകളുടെ മദ്ധ്യത്തിലും ഒളിച്ചു പാർത്തും പരസ്യമായും വിശ്വാസികൾ പ്രാർത്ഥിച്ചു. അവരെ ജയിലലടയ്ക്കുവാൻ അധികാരങ്ങൾക്കും വാഴ്ചകൾക്കും കഴിഞ്ഞുവെങ്കിലും അവരെ നിശബ്ദരാക്കുവാൻ മരണത്തിനു മാത്രമേ കഴിഞ്ഞുള്ളു. പക്ഷേ മരണവും അവരെ ജയിച്ചില്ല. അവരുടെ സന്തോഷത്തിന്റെയും പ്രത്യാശയുടെയും മുൻപാകെ മരണം മുട്ടുമടക്കി പരാജയം സമ്മതിച്ചു. ചുരുങ്ങിയ ചില വർഷങ്ങൾക്കകം, അതായത് 40 വർഷങ്ങൾക്കുള്ളിൽ അന്നറിയപ്പെട്ട രാജ്യങ്ങളിലെല്ലാം ജീവിക്കുന്ന സഭകൾ സംജാതമായി. ആ സഭകളെല്ലാം Self supporting, Self governing, Self propogating എന്ന തത്വം സ്വീകരിച്ചു. കുടിൽ മുതൽ കൊട്ടാരം വരെ, ജയിലുകളിലുൾപ്പെടെ സഭകൾ ഉണ്ടായി. അവർ പ്രാർത്ഥിച്ചു.

എന്റെ ചിന്താവിഷയം, 'പ്രാർത്ഥന'യെക്കുറിച്ചാണ്. യേശു പ്രാർത്ഥിച്ചു, ശിഷ്യന്മാർ പ്രാർത്ഥിച്ചു, ഒന്നാം നൂറ്റാണ്ടിലെ സഭാവിശ്വാസികൾ പ്രാർത്ഥിച്ചു, പക്ഷേ ഇന്ന് നാം പ്രാർത്ഥിക്കുന്നുണ്ടോ? ഉണ്ട്, ചടങ്ങിനു മാത്രം. ഞാൻ ചോദിക്കട്ടെ:

(a) എത്ര വിശ്വാസികൾ പ്രാർത്ഥിക്കുന്നു? രാവിലെയും വൈകിട്ടും എന്നെ അനുഗ്രഹിക്കണേ, മക്കളെ അനുഗ്രഹിക്കണമേ എന്നു പറയുന്നതല്ലാതെ. അവധിയുള്ള ദിവസം, അല്ലാത്ത ദിവസം കുറേ സമയം, ഒരു മണിക്കൂർ, പ്രാർത്ഥിക്കുന്നുണ്ടോ? എന്തുകൊണ്ടില്ല?

ഒരു വീട്ടിൽ വിവാഹിതയായി വന്ന മണവാട്ടിയെ, ഒരു ദിവസം അവളുടെ സഭയിലെ ചില സ്ത്രീകൾ സഹോദരിമാരുടെ പ്രാർത്ഥനാ കൂട്ടത്തിലേക്കു പ്രാർത്ഥനയ്ക്കായി ക്ഷണിക്കുവാനെത്തി. ദൈവത്തെ പുച്ഛമായ ആ യുവതി പറഞ്ഞു, "പ്രാർത്ഥിക്കാൻ വരാൻ എനിക്ക് കാലുവേദനയൊന്നും ഇല്ലല്ലോ?" എന്നാൽ വർഷങ്ങൾക്കു ശേഷം അമ്പതു വയസ്സ് കഴിഞ്ഞ ആ സ്ത്രീയെ കാണാൻ ഞാൻ ആശുപത്രിയിൽ ചെന്നപ്പോൾ അവർ തലയിൽ തുണിയുമിട്ട്, പുതിയ നിയമം വായിക്കുകയായിരുന്നു. മുട്ടിനു താഴെവച്ചു കാൽമുറിച്ചു മാറ്റപ്പെട്ട അവർക്കുവേണ്ടി ഞാൻ പ്രാർത്ഥിച്ചു. അന്ന് ഞാൻ ദൈവത്തെ ഭയപ്പെട്ടു പോയി.

ഞാൻ നിങ്ങളോടു ബുദ്ധി ഉപദേശിക്കട്ടെ, ആഴ്ചയിൽ ഒരു ദിവസമോ, പല ദിവസമോ പ്രാർത്ഥനയ്ക്കായി കുറേസമയം മാറ്റി വയ്ക്കുക. പ്രാർത്ഥിക്കുക, ഒറ്റയ്ക്കു പ്രാർത്ഥിക്കുക.

അടുത്തുള്ള റബ്ബർതോട്ടത്തിൽ, തെങ്ങും തോപ്പിൽ, ആരും ശല്യപ്പെടുത്താത്ത ഇടത്തുപോയിരുന്നു ഒറ്റയ്ക്കു പ്രാർത്ഥിക്കുക.

(b) ഞാൻ വീണ്ടും ചോദിക്കട്ടെ. എത്ര വീടുകളിൽ കുടുംബ പ്രാർത്ഥന മുടങ്ങാതെയുണ്ട്?

അമ്പതു വർഷം മുൻപ് വരെ കേരളത്തിലെ എല്ലാ ക്രിസ്ത്യാനികളുടെയും വീടുകളിൽ വൈകിട്ടു കൊന്തചൊല്ലലും, നമസ്കാര ക്രമത്തിലെ പ്രാർത്ഥനയും, വേദപുസ്തകം വായനയും പാട്ടും പ്രാർത്ഥനയും ഉണ്ടായിരുന്നു. അന്നു റോഡിലൂടെ നടക്കുമ്പോൾ റോഡരുകിലെ വീടുകളിൽ നിന്നും കത്തോലിക്കരുടെ കൊന്തചൊല്ലലും, യാക്കോബക്കാരുടെ നമസ്കാരക്രമവായനയും മർത്തോമാക്കാരുടെയും സുവിശേഷവിഹിത സഭക്കാരുടെയും പാട്ടും പ്രാർത്ഥനയും കേൾക്കാമായിരുന്നു. ഇതുകേട്ട് ഹിന്ദുക്കളും വൈകിട്ടു വിളക്കു കത്തിച്ച് നാമം ജപിക്കുമായിരുന്നു.



അന്നത്തെ അപ്പച്ചന്മാരുടെയും അമ്മച്ചിമാരുടെയും രാവിലെയും വൈകിട്ടുമുള്ള

ശേഷം പേജ് 10

രണ്ടു വിധത്തിലുള്ള പ്രത്യേക പ്രാർത്ഥന യോഗങ്ങൾ നടത്താം.

**1. മൂന്നോ, അഞ്ചോ ദിവസത്തെ ഒരു പ്രത്യേക ഉപവാസ പ്രാർത്ഥന നടത്താം.** പരിചയക്കാരെയും വിവിധ സഭകളിലുള്ളവരെയും വിളിക്കാം. വചനം പറയുവാനും പ്രാർത്ഥിക്കുവാനും ഉപവാസ പ്രാർത്ഥന നടത്തുവാനും കൃപയുള്ളവരുമായ ദൈവദാസന്മാരെ വിളിക്കുക. അവർ ശുശ്രൂഷിക്കട്ടെ. കൂടി വരുന്നവർ രക്ഷിക്കപ്പെടട്ടെ. രോഗികൾ സുഖമാകട്ടെ, ദുഃഖിതർ ആശ്വാസം പ്രാപിക്കട്ടെ, കുറേ പേരെങ്കിലും പരിശുദ്ധാത്മാഭിഷേകം പ്രാപിക്കട്ടെ.

ഇവിടെയും രണ്ട് അഭ്യർത്ഥനയുണ്ട്.

(i) വീട്ടിലുള്ള എല്ലാവരും യോഗത്തിനിരിക്കണം. ആരും ഓടിനടക്കരുത്. വാതിൽ കാവൽക്കാരനായി മാറരുത്.

എല്ലാവരും യോഗത്തിനിരിക്കാൻ എന്തു ചെയ്യണം എന്ന് ചിന്തിച്ച് നേരത്തേ വേണ്ട ക്രമീകരണം ചെയ്താൽ ഇതു സാദ്ധ്യമാകും.

(ii) ഉപവാസ പ്രാർത്ഥനയാണോ, ആഹാരം ഉണ്ടാക്കാൻ ആരും അടുക്കളയിൽ കയറരുത്. പ്രസംഗിക്കാൻ വരുന്നവരോട് ഈ വിവരം നേരത്തേ പറഞ്ഞാൽ ഇതു സാദ്ധ്യമാകും. പലയിടത്തും ഉപവാസ പ്രാർത്ഥനയാണെന്നു പറയും. പക്ഷേ അമ്മച്ചിയും രണ്ടു സഹോദരിമാരും അടുക്കളയിൽ അരയ്ക്കുന്നു, പൊരിക്കുന്നു, കടുകുവറക്കുന്നു. ഇടയ്ക്കു കുറേ നേരം വന്നിരുന്നാലും പ്രാർത്ഥന തുടങ്ങുമ്പോൾ വീണ്ടും ഓട്ടമാണ്. വന്നിരിക്കുന്നവർക്കെല്ലാം ചായ ഉണ്ടാക്കണം. കേക്കു മുറിക്കണം. ദയവായി, ഉപവാസ പ്രാർത്ഥനയാണോ എന്നാൽ അടുക്കള പൂട്ടുക. അനുഗ്രഹിക്കപ്പെടാനുള്ള യോഗമാണോ, ചായകൊടുത്തല്ല അനുഗ്രഹിക്കപ്പെടുന്നത്. വചനം കേട്ടും പ്രാർത്ഥിച്ചും അഞ്ചാറുപേർ അനുഗ്രഹിക്കപ്പെട്ടാൽ മാത്രം പോരാ. എല്ലാവരും അനുഗ്രഹിക്കപ്പെടണമെങ്കിൽ എല്ലാവരും യോഗത്തിന്റെ ആദ്യം മുതൽ അവസാനം വരെ ഇരിക്കണം.

**2. മറ്റാരെയും വിളിക്കാതെ വീട്ടിലുള്ളവർക്കു വേണ്ടി മാത്രം ഉപവാസ പ്രാർത്ഥന നടത്താം.**

ഏതെങ്കിലും കാര്യത്തിൽ, എന്തു തീരുമാനമെടുക്കണമെന്ന് അറിയാൻ വയ്യാത്ത സമയം, കൂടെക്കൂടെ അപകടമോ, അനർത്ഥമോ, രോഗമോ ആക്രമിക്കുന്നെങ്കിൽ വിടുതലിനുവേണ്ടി വീട്ടുകാർ മാത്രം ഒന്നിച്ചു കൂടി ഉപവസിച്ചു പ്രാർത്ഥിക്കാം. വേണമെങ്കിൽ വചനം പ്രസംഗിക്കുവാനും നിങ്ങൾക്കായി പ്രാർത്ഥിക്കുവാനും ഇക്കാര്യത്തിൽ കൃപയുള്ള ഒരു ദൈവദാസനെ ക്ഷണിക്കാം.

ഈ രണ്ടാമത്തെ വിധത്തിലുള്ള ഉപവാസ പ്രാർത്ഥനയും ചില പ്രത്യേക സാഹചര്യത്തിൽ ഞങ്ങൾ വീട്ടിൽ നടത്താറുണ്ട്.

യേശു പറഞ്ഞ വാക്യം വീണ്ടും ഞാൻ പറയട്ടെ, "പ്രാർത്ഥനയാലും ഉപവാസത്താലുമല്ലാതെ ഈ ജാതി നീങ്ങിപ്പോകുന്നില്ല" (മത്തായി 17:21b).

ഉപവാസ പ്രാർത്ഥനയുടെ അവസാനത്തെ ദിവസം വീട്ടിൽ കർത്തൃമേശ നടത്തുവാനുള്ള സൗകര്യമുള്ളവർ അതും ചെയ്യുക.

അനുഗ്രഹം പിടിച്ചു വാങ്ങുകയാണ് കേട്ടോ. യേശു പറഞ്ഞു, "യോഹന്നാൻ സ്നാപകന്റെ നാളുകൾ മുതൽ ഇന്നേവരെ സ്വർഗ്ഗരാജ്യത്തെ ബലാല്ക്കാരം ചെയ്യുന്നു; ബലാൽക്കാരികൾ അതിനെ പിടിച്ചടക്കുന്നു" (മത്തായി 11:12).

നിങ്ങൾ ദൈവത്തിന്റെ അനുഗ്രഹങ്ങൾ ബലാൽക്കാരമായി പിടിച്ചുക്കുന്നവരായി മാറട്ടെ എന്നു ഞാൻ പ്രാർത്ഥിക്കുകയാണ്, ആമേൻ.

**3. ഒരാൾ മറ്റൊരാൾക്കായി പ്രാർത്ഥിക്കുക**

ഭർത്താവു രക്ഷിക്കപ്പെടാത്ത വ്യക്തിയാണോ? ഭർത്താവ് വീട്ടിൽ നിന്ന് ഇറങ്ങുമ്പോൾ / നടന്നു പോകുമ്പോൾ അദ്ദേഹം അറിയാതെ ഭർത്താവിനുവേണ്ടി പ്രാർത്ഥിക്കുക. രക്ഷിക്കപ്പെട്ടതാണോ – ഓഫീസിലേക്കു പോകുമ്പോൾ പ്രാർത്ഥിച്ചാണയച്ചതെങ്കിലും പുറകിൽ നിന്ന് അനുഗ്രഹത്തിന്റെ വാചകം പറയുക. നാം അനുഗ്രഹിക്കുന്നതിൽ വളരെ വളരെ പുറകിലാണ്. ദേഷ്യം വരുമ്പോൾ ശപിക്കാൻ മുൻപിലാണ്, അല്ലേ?

ഇന്നുമുതൽ നിങ്ങളുടെ വീട്ടിലുള്ള ഓരോരുത്തർക്കുമായി ഒരിക്കലെങ്കിലും ആ വ്യക്തി അറിയാതെ പ്രാർത്ഥിച്ചിരിക്കുമെന്നു തീരുമാനിക്കുക. കേൾക്കേയും കേൾക്കാതെയും ഓരോരുത്തരെയും ഒരിക്കലെങ്കിലും അനുഗ്രഹിച്ചിരിക്കുമെന്നു തീരുമാനമെടുക്കാം. മനുഷ്യരെ മാത്രമല്ല, വീടിനെ അനുഗ്രഹിക്കാം. തെങ്ങിനെ, ചെടികളെ, മൃഗങ്ങളെ അനുഗ്രഹിക്കാം. യേശു പത്രോസിനുവേണ്ടി ഒറ്റയ്ക്കു പ്രാർത്ഥിച്ചത് നമുക്കും ഒരു മാതൃകയായിരിക്കട്ടെ. രാത്രിയിൽ എഴുന്നേറ്റു പ്രാർത്ഥിക്കുവാൻ കഴിവുള്ളവർ തങ്ങളുടെ തുണയ്ക്കായി, മക്കൾക്കായി, മരുമക്കൾക്കായി, കൊച്ചുമക്കൾക്കായി ഓരോ വാചകത്തിലെങ്കിലും അവരുടെമേൽ യേശുവിന്റെ രക്തം തളിച്ചു പ്രാർത്ഥിക്കുക.

## പുതുവത്സര ചിന്തകൾ



# പ്രാർത്ഥനയാൽ ദൈവത്തെ സ്പർശിക്കാം

ബ്രദർ പി.ജി. വർഗീസ്

**വേ**ദപുസ്തകം പറയുന്നു. "എന്നാൽ സകലമനുഷ്യർക്കും നാം സർവ്വ ഭക്തിയോടും ഘനത്തോടും കൂടെ സാവധാനതയും സ്വസ്ഥതയുമുള്ള ജീവനം കഴിക്കേണ്ടതിനു വിശേഷാൽ രാജാക്കന്മാർക്കും സകല അധികാരസ്ഥന്മാർക്കും വേണ്ടി യാചനയും പ്രാർത്ഥനയും പക്ഷവാദവും സ്തോത്രവും ചെയ്യേണം എന്നു ഞാൻ സകലത്തിനും മുമ്പെ പ്രബോധിപ്പിക്കുന്നു" (1 തിമോ. 2:1-2).

**നമ്മുടെ രാജ്യത്തിനായി പ്രാർത്ഥിക്കണം**

ഇൻഡ്യാ മഹാരാജ്യം, നിങ്ങൾ താമസിക്കുന്ന രാജ്യം, നിങ്ങളുടെ സ്റ്റേറ്റ്, നിങ്ങളുടെ പട്ടണം അഥവാ ഗ്രാമം - പ്രാർത്ഥിക്കുക.

ഭരണാധിപന്മാർക്കായി പ്രാർത്ഥിക്കുക. ദുർന്നടപ്പുകാർക്കായി പ്രാർത്ഥിക്കുക, ജയിലിൽ കഴിയുന്നവരെ അറിയാമെങ്കിൽ അവർക്കായി പ്രാർത്ഥിക്കുക. ദേശത്തു നന്മ വരുവാൻ അഭിവൃദ്ധി വരുവാൻ പ്രാർത്ഥിക്കുക. രോഗികളെ അറിയാമെങ്കിൽ അവർക്കായി പ്രാർത്ഥിക്കുക. ഞാൻ ഇവിടെ എഴുതുന്ന എല്ലാ വിഷയങ്ങൾക്കുമായി പ്രാർത്ഥിക്കുക. **നിങ്ങളുടെ നാട്ടിൽ നിന്നും കുടുംബത്തിൽ നിന്നും ദൈവവേല ചെയ്യുന്നവർക്കായി പ്രാർത്ഥിക്കുക.**

സുവിശേഷ പ്രവർത്തകർ ആരും അപമാനം ഉണ്ടാക്കരുത്, ഉണ്ടാകരുത്, ദൈവവേലയിൽ വിശ്വസ്തരായിരിക്കണം. സൽപ്പേരുണ്ടാക്കണം, സുരക്ഷിതരായിരിക്കണം. ആയതിനാൽ സഭാ വ്യത്യാസം കൂടാതെ പ്രാർത്ഥിക്കണം.

**നിങ്ങളുടെ നാട്ടിലുള്ള മറ്റുസഭകൾക്കായി പ്രാർത്ഥിക്കണം**

ഇതു ശ്രദ്ധിച്ചു വായിച്ചാലും, കത്തോലിക്ക, യാക്കോബായാ, ഓർത്തഡോക്സ്, മർത്തോമ, സി.എസ്.ഐ., ഇവാഞ്ചലിക്കൽ, ലൂഥറൺ (തിരുവനന്തപുരത്തു ലൂഥറൺ സഭകളുണ്ട്), ബ്രദറൺ, വിവിധ പെന്തെക്കോസ്തു വിഭാഗങ്ങൾ, സ്വതന്ത്രസഭകൾ എന്നിങ്ങനെ ഓരോ സഭയ്ക്കായും, സഭ അനുഗ്രഹിക്കപ്പെടാൻ, സഭയിൽ ഉണർവ്വുണ്ടാകുവാൻ, പിന്മാറ്റക്കാർ മടങ്ങി വരുവാൻ ശ്രദ്ധയോടെ നാം പ്രാർത്ഥിക്കണം.

ഞാൻ വിശദീകരിക്കാം. 100 വർഷം മുമ്പ് അമേരിക്ക, ഇംഗ്ലണ്ട്, ജർമ്മനി തുടങ്ങിയ എല്ലാ പാശ്ചാത്യ രാജ്യങ്ങളിലുമുള്ള സകലരും ക്രിസ്ത്യാനികളായിരുന്നു, മുകളിലെഴുതിയ ഏതെങ്കിലും ഒരു സഭാവിഭാഗക്കാരായിരുന്നു, സകലരും എല്ലാ ഞായറാഴ്ചയും അപ്പനും അമ്മയും മക്കളും, കള്ളുകുടിയനും, നീതിമാനും പള്ളിയിൽ പോയിരുന്നു.

1920 കഴിഞ്ഞപ്പോൾ ഈ ചടങ്ങിനു വ്യത്യാസം വന്നു. ഇഷ്ടമുള്ളവർ തോന്നുമ്പോൾ മാത്രം പള്ളിയിൽ പോകുമെന്നായി.

1950 കഴിഞ്ഞപ്പോൾ പിന്നേയും വ്യത്യാസം വന്നു. ഞാൻ ദൈവത്തിൽ വിശ്വസിക്കുന്നില്ല, ഞാൻ ക്രിസ്ത്യാനിയേയല്ല എന്നുറക്കെ പറയുവാൻ തുടങ്ങി.

ഭക്തന്മാരായ പട്ടക്കാരുള്ള ഇടമറുകു കുടുംബത്തിൽ ഒരു ഇടമറുകു ഇൻഡ്യയിലെ നിരീശ്വര പ്രസ്ഥാനത്തിന് അടിത്തറയിട്ടതുപോലെ ലോകം മുഴുവൻ മിഷനറിമാരെ അയച്ച മിഷനറി സ്ഥാപനത്തിനു രൂപം കൊടുത്ത പാശ്ചാത്യ രാജ്യങ്ങളിൽ മിഷനറിമാരുടെ മക്കൾ നിരീശ്വര വാദികളായി. സ്കൂളുകളിലെ പ്രാർത്ഥന നിർത്തലാക്കി. കോടതികളിൽ ജഡ്ജി ഇരിക്കുന്നിടത്തെ ഭിത്തിയിൽ തൂക്കിയിട്ടിരുന്ന പത്തു കല്പന പലകകൾ എടുത്തു മാറ്റി. പരസ്യമായി പ്രാർത്ഥിക്കുന്നത് കുറ്റമായി പ്രഖ്യാപിച്ചു.

1970 ആയപ്പോൾ മറ്റൊരു തരംഗമുണ്ടായി. മിഷനിറിമാരുടെ മക്കൾ മറ്റു മതക്കാരായി മാറി. പിശാചിന്റെ സഭകൾ പ്രത്യക്ഷപ്പെട്ടു. കറുത്തവാവിൽ മനുഷ്യനെ കൊന്ന് ചോരയും ഇറച്ചിയും കത്തൃമേശയിൽ ഭക്ഷിച്ചു, കുടിച്ചു.

അവിവാഹിതരായ ബിഷപ്പുമാർക്കും പട്ടക്കാർക്കും പരസ്ത്രീകളിൽ മക്കളായി. ബലാൽക്കാരത്തിന്റെയും പീഡനത്തിന്റെയും ചീഞ്ഞഴുകിയ കഥകളുടെ കെട്ടുകൾ പുറത്തായി. സഭ പരസ്യമായി ക്ഷമ പറഞ്ഞു. നഷ്ടപരിഹാരം കൊടുത്തു.

നൂറുവർഷം മുമ്പ് നൂറുശതമാനം പേരും, പള്ളിയിൽ പോയ, നൂറുകണക്കിനു വിദേശ മിഷനറിമാരെ അയച്ച നോർവേ, ബൽജിയം, ഇംഗ്ലണ്ട്, ആസ്ട്രേലിയ, ഹോളണ്ട്, ജർമ്മനി തുടങ്ങിയ രാജ്യങ്ങളിൽ ഇന്നു രണ്ടു ശതമാനം പേർ ദുഃഖവെള്ളിയാഴ്ചയ്ക്കു പോലും പള്ളിയിൽ പോകുന്നില്ല. പള്ളിയുടെ കെട്ടിടത്തിന്റെ കരവും ഇലക്ട്രിസിറ്റി ചാർജ്ജും കൊടുക്കുവാൻ നിവർത്തിയില്ലാത്തതിനാൽ പള്ളികൾ വിൽക്കുന്നു, മറ്റു മതക്കാർ അത് വാങ്ങുന്നു.

ഇംഗ്ലണ്ടിന്റെ കീഴിലുള്ള വെയിൽസിൽ ഇവാൻ റോബർട്ട്സ് എന്ന കൽക്കരി ഖനി തൊഴിലാളി ഒരു ഉണർവ്വിനായി 11 വർഷത്തോളം പ്രാർത്ഥിച്ചു. 1904ൽ ദൈവം ആ മനുഷ്യന്റെ പ്രാർത്ഥന കേട്ടു. ഓരോരുത്തരായി, ഒടുവിൽ കൂട്ടമായി ആൾക്കാർ രക്ഷിക്കപ്പെട്ടത് ലോകവാർത്തയായി ഏറ്റവും ഒടുവിൽ രക്ഷിക്കപ്പെടാത്ത ഒരാളുമില്ല എന്നത് വാർത്തയായി. നാടകശാലകൾ, മദ്യഷോപ്പുകൾ, അടഞ്ഞു. ഉച്ചയ്ക്ക് ജോലി സ്ഥലത്ത് ആഹാരം കഴിക്കുന്നതിന് പകരം ജനം കൂടിവന്നു പാടി, പ്രാർത്ഥിച്ചു.

പക്ഷേ ഇന്ന് ആ രാജ്യത്ത് രണ്ടു ശതമാനം പോലും ക്രിസ്ത്യാനികളില്ല! അതിൽ കൂടുതൽ ജനങ്ങളും മറ്റുമതങ്ങളിൽ ചേർന്നിട്ടുണ്ടെന്നു കണക്കുകൾ തെളിയിക്കുന്നു.

ഇൻഡ്യയിലെ അമ്മമാരുടെയും ഗുരുക്കന്മാരുടെയും ബാബാമാരുടെയും ആശ്രമങ്ങളിൽ മിഷനറി കുടുംബത്തിലുള്ളവരുടെ മക്കൾ അന്തേവാസികളായി വന്നു വേദങ്ങൾ പഠിക്കുന്നു. പൂണൂലിടുന്നു. മദ്ദളം കൊട്ടി അഗ്നിയേയും കാറ്റിനെയും ഹൈന്ദവ ദൈവങ്ങളെയും ആരാധിക്കുന്നു.

ഞാൻ പറഞ്ഞുവരുന്നതു നിങ്ങൾക്ക് മനസിലായോ? നാം നമ്മുടെ നാട്ടിലെ കത്തോലിക്കാ, യാക്കോബായ, മാർത്തോമ്മാ, ഓർത്തഡോക്സ്, സിഎസ്ഐ തുടങ്ങിയ സഭകൾക്കുവേണ്ടി പ്രാർത്ഥിച്ചില്ലായെങ്കിൽ പാശ്ചാത്യ രാജ്യങ്ങളിലെ ക്രിസ്ത്യാനികൾക്കുണ്ടായ വിശ്വാസത്യാഗം നമ്മുടെ നാട്ടിലെ സഭകൾക്കും ഉണ്ടാകും. അതുപാടില്ല.

ഇന്ന് പട്ടത്വസഭകളിൽ പത്തുശതമാനം പേരുപോലും ഞായറാഴ്ച പള്ളിയിൽ പോകുന്നില്ല എന്നതു പരമാർത്ഥമാണ്. (പട്ടത്വ സഭക്കാർ പിണങ്ങരുതേ. ബഹുമാനത്തോടെ, ഈ വിഷയം ഞാൻ അവതരിപ്പിച്ചോട്ടെ, നിങ്ങളുടെ നന്മക്കായി തന്നെ).

> **ഇൻഡ്യയിലെ അമ്മമാരുടെയും ഗുരുക്കന്മാരുടെയും ബാബാമാരുടെയും ആശ്രമങ്ങളിൽ മിഷനറി കുടുംബത്തിലുള്ളവരുടെ മക്കൾ അന്തേവാസികളായി വന്നു വേദങ്ങൾ പഠിക്കുന്നു. പൂണൂലിടുന്നു. മദ്ദളം കൊട്ടി അഗ്നിയേയും കാറ്റിനെയും ഹൈന്ദവ ദൈവങ്ങളെയും ആരാധിക്കുന്നു. നാം നമ്മുടെ നാട്ടിലെ കത്തോലിക്കാ, യാക്കോബാ, മാർത്തോമ്മാ, ഓർത്തഡോക്സ്, സിഎസ്ഐ തുടങ്ങിയ സഭകൾക്കുവേണ്ടി പ്രാർത്ഥിച്ചില്ലായെങ്കിൽ പാശ്ചാത്യ രാജ്യങ്ങളിലെ ക്രിസ്ത്യാനികൾക്കുണ്ടായ വിശ്വാസത്യാഗം നമ്മുടെ നാട്ടിലെ സഭകൾക്കും സഭകൾക്കും ഉണ്ടാകും. അതുപാടില്ല.**

ബാക്കി 90 ശതമാനം പേർ, ഇന്ന് നാം പ്രാർത്ഥിക്കുന്നില്ലായെങ്കിൽ 2020 ൽ അഥവാ 2050ൽ ക്രിസ്ത്യാനിയല്ലെന്നു തന്നെ പറയും. (ഇപ്പോൾ തന്നെ ഇവരിലധികം പേരും അങ്ങനെ പറയുന്നില്ലേ? ഉണ്ട്). നാളെ അവർ ഉറക്കെ പറയും, സെൻസസ് റിപ്പോർട്ടിൽ എഴുതിച്ചേർക്കും. പത്തോ ഇരുപതോ വർഷം കൂടി കഴിയുമ്പോൾ ഇവർ ഹിന്ദുക്കളോ മുസ്ലീംങ്ങളോ സാത്താൻ സഭക്കാരോ ആയിത്തീരും.

അങ്ങനെ സംഭവിക്കാതിരിക്കാൻ നാം പ്രാർത്ഥിക്കണം. യൂറോപ്യൻ രാജ്യങ്ങളിൽ താമസിക്കുന്നവരോട് ചോദിക്കൂ. ഒരു വെള്ളക്കാരന്റെ വീട്ടിൽപോയി യേശുവിനെപ്പറ്റി പറയുവാൻ പ്രയാസമാണ്. എന്നാൽ ഹരേറാം - ഹരേകൃഷ്ണക്കാരെ അവർ സ്വീകരിക്കും. മുസ്ലീം പ്രവർത്തകരെ സ്വീകരിക്കും. വേദപുസ്തകവുമായി ചെല്ലുന്നവരെ ആട്ടി ഓടിക്കും.

ഇംഗ്ലണ്ട്, ന്യൂസിലാന്റ്, ആസ്ട്രേലിയ എന്നീ രാജ്യങ്ങളിൽ യേശുവിനെപ്പറ്റി പറയുവാൻ 50 വർഷം ക്രിസ്ത്യാനിയായിരുന്ന, പള്ളിയിൽ പോയിരുന്ന വെള്ളക്കാരുടെ വീടുകളിൽ പോയി ഞാൻ കതകിനു മുട്ടിയിട്ടുണ്ട്. ഇംഗ്ലണ്ടിൽ ഒരിക്കൽ ഒരു പെരുമഴക്കാലത്ത് കുറഞ്ഞത് 20 വീടുകളുടെ വാതിലുകളിൽ മുട്ടി. ഒരാൾപോലും എന്നെയോ എന്നോടുകൂടെയുള്ള സായ്പിനെയോ വീടിനകത്തേക്കു ക്ഷണിച്ചില്ല. ഒരു സ്ത്രീമാത്രം അവരുടെ വീടിനകത്തു നിന്ന് എന്റെ സാക്ഷ്യം കേട്ടു. ഞങ്ങൾ കൊടുത്ത പുസ്തകം വാങ്ങി എന്നാൽ മറ്റുപലരും ആട്ടിയോടിച്ചു. പ്രായമായ ഒരു സ്ത്രീ ചീത്ത പറഞ്ഞു.

കത്തോലിക്കരുടെയും യാക്കോബാക്കാരുടെയും മർത്തോമക്കാരുടെയും പെന്തെക്കോസ്തുകാരുടെയും വീട്ടിൽ ധൈര്യത്തോടെ വേദപുസ്തകവുമായി കയറി ചെല്ലുവാൻ ഇന്നു നമുക്കു കഴിയുന്നു.

ഈ സഭകളിൽ ഉണർവ്വുണ്ടാകുവാനും പിന്മാറ്റക്കാർ മടങ്ങി വരുവാനും നാം പ്രാർത്ഥിച്ചില്ലെങ്കിൽ ഇംഗ്ലണ്ടിലെ നില നമ്മുടെ നാട്ടിൽ വന്നു ഭവിക്കും. ഇന്നത്തെ തണുത്ത വിശ്വാസി 2020ൽ നിരീശ്വരവാദിയായിത്തീരാം. ഇന്നത്തെ പിന്മാറ്റക്കാരൻ 2020ൽ അല്ലെങ്കിൽ 2025ൽ മറ്റു മതങ്ങളിൽ ചേരാം.

ഇപ്പോൾ തന്നെ ഏത്രയോ സഭാകുഞ്ഞാടുകൾ ശ്രീശ്രീയുടെയും അമ്മയുടെയും ബാബായുടെയും കോലാടുകളായി. നാളെ അവർ നമുക്ക് മുൻപിൽ കതക് കൊട്ടിയടച്ച്, സ്വന്ത വീടുകളിൽ പോലും പ്രാർത്ഥന നടത്തുന്നത് തെറ്റാണെന്ന നിയമത്തിനായി അവർ തന്നെ കേസുകൊടുക്കുവാൻ ശ്രമിക്കും.

നിങ്ങൾക്കറിയാമോ പാശ്ചാത്യ രാജ്യങ്ങളിൽ പലയിടത്തും ക്രിസ്തുമസ് ദിനത്തിൽ പുൽത്തൊഴുത്തും അതിൽ യേശുവിന്റെ രൂപവും, കടകളിലോ വീടിന്റേയോ ജനലുകളിൽ ഉണ്ടാക്കിവയ്ക്കുന്നത് നിയമത്താൽ തടയപ്പെട്ടിരിക്കുകയാണ്.

നമുക്കിതു സംഭവിക്കാതിരിക്കുവാൻ മറ്റുള്ള സഭക്കാർക്കായി പ്രാർത്ഥിക്കാം. ഉണർവ്വുണ്ടാകട്ടെ. പിന്മാറ്റക്കാർ മടങ്ങിവരട്ടെ.

നമുക്കു പ്രാർത്ഥിക്കാം. കാര്യമായി വേദനയോടെ, ഭാരത്തോടെ പ്രാർത്ഥിക്കാം.

**നമ്മുടെ വീട്ടിലിരുന്നു പ്രാർത്ഥിക്കാം**

സഭാ യോഗത്തിലും ഉപവാസ പ്രാർത്ഥനയിലും പ്രാർത്ഥിക്കാം. അനുവാദം ചോദിച്ച് അവരുടെ സഭാഹാളിൽ, പള്ളിയിൽ പോയിരുന്നു പ്രാർത്ഥിക്കുന്ന കാര്യം ചിന്തിക്കുമോ? എന്തുകൊണ്ടു സാദ്ധ്യമല്ല.

കൊലോസ്യയിലെ സഭ പൗലോസിന്റെ സഭ ആയിരുന്നില്ല. പൗലൊസ് അവിടെ പോയിട്ടുപോലുമില്ലായിരുന്നെങ്കിലും പൗലോസ് ഭാരത്തോടെ അവർക്കായി പ്രാർത്ഥിച്ചു. അവർക്കായി നീണ്ട ഒരു കത്തെഴുതി.

നാമും പ്രാർത്ഥിക്കണം.

**നമ്മുടെ സ്വന്തം സഭയ്ക്കായി പ്രാർത്ഥിക്കാം**

ഇന്ന് ധാരാളം പേരും സ്വന്തം സഭയുടെ കുറ്റം പറയുവാൻ ഒത്തിരി നേരമെടുക്കുന്നു. നാലുപേരു കൂടുമ്പോൾ സ്വന്തം സഭയിലെ, മറ്റുള്ളവരുടെ സഭയിലെ, ദൈവദാസന്മാരുടെ കുറ്റങ്ങൾ പറയുന്നു, രസിക്കുന്നു, ചിരിക്കുന്നു.



ചിലർ ശാപമോക്ഷത്തിനുവേണ്ടി നടത്തുന്ന ഈ വട്ടമേശ സമ്മേളനത്തിനുശേഷം ഒരു നിമിഷം, ഇവർ നേരെയാകുവാനായി പ്രാർത്ഥിക്കുന്നു.

ഞാനുറപ്പിച്ചു പറയാം, ഇവർ സംസാരിച്ചതിൽ 90 ശതമാനവും സത്യമല്ല. കള്ളമോ ഊതിപെരുക്കി നിറം ചേർത്ത വാർത്തകളോ ആണ്.

ഞാനൊരിക്കൽ റാന്നിയിൽ എന്റെ സഹോദരിയുടെ വീട്ടിലെത്തി. രാത്രി 11 മണിയായപ്പോൾ ഞാനവിടെ ഉണ്ടെന്നറിഞ്ഞ് മാർത്തോമ്മാ

ശേഷം പേജ് 10

മരുപ്പച്ച
വാർത്തകൾ

2011
ഡിസംബർ
20



മുല്ലപ്പെരിയാൽ ഡാം ഉയർത്തുന്ന ഭീഷണിക്കെതിരെ നടക്കുന്ന പ്രതിഷേധ സമരങ്ങൾക്ക് പെന്തെക്കോസ്ത് പത്രപ്രവർത്തകർ മെഴുകുതിരി കത്തിച്ച് ഐക്യദാർഢ്യം പ്രകടപ്പിക്കുന്നു.

## ഐക്യദാർഢ്യം പ്രകടിപ്പിച്ചു

കുമ്പനാട്: മുല്ലപ്പെരിയാർ ഡാം ഉയർത്തുന്ന ഭീഷണിക്കെതിരെ നടക്കുന്ന പ്രതിഷേധ സമരങ്ങൾക്ക് പെന്തെക്കോസ്ത് പത്രപ്രവർത്തകർ ഐക്യദാർഢ്യം പ്രകടിപ്പിച്ചു. മുട്ടുമണ്ണിൽ നടന്ന പത്രപ്രവർത്തക ക്യാമ്പിനോടനുബന്ധിച്ച് പ്രസിഡന്റ് പി.ജി മാത്യൂസിന്റെ നേതൃത്വത്തിൽ പത്രപ്രവർത്തകർ മെഴുകുതിരികൾ തെളിയിച്ച് പ്രതിഷേധത്തിൽ പങ്കു ചേരുകയും ഈ വിഷയത്തിൽ ദൈവീക ഇടപെടൽ ഉണ്ടാകേണ്ടതിനായി കൂട്ട പ്രാർത്ഥന നടത്തുകയും ചെയ്തു.

# പെന്തെക്കോസ്തൽ പ്രസ് അസോസിയേഷൻ ശില്പശാല



*റവ. വി. റ്റി. ഏബ്രഹാം മുഖ്യപ്രഭാഷണം നടത്തുന്നു, പാസ്റ്റർ സി.പി. മോനായി, ഫിന്നി മാത്യു, വിജോയ്സ്കറിയ, തോമസ് വടക്കേക്കുറ്റ്, എൽ. സാം, അച്ചൻകുഞ്ഞ് ഇലന്തൂർ, സാംകുട്ടി ചാക്കോ, പി.ജി. മാത്യൂസ് എന്നിവർ വേദിയിൽ*

തിരുവല്ല: പെന്തെക്കോസ്തൽ പ്രസ് അസോസിയേഷൻ ചതുർദിന പത്രപ്രവർത്തക പരിശീലന ക്യാമ്പ് നടത്തി. മുട്ടുമൺ ഐ.സി.പി.എഫ് ക്യാമ്പ് സെന്ററിൽ നവംബർ 30 മുതൽ ഡിസംബർ 3 വരെ നടന്ന ക്യാമ്പ് കേരളാ സാഹിത്യ അക്കാദമി പ്രസിഡന്റ് പെരുമ്പടവം ശ്രീധരൻ ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് റവ.പി.ജി മാത്യൂസ് അദ്ധ്യക്ഷത വഹിച്ചു.

പത്രപ്രവർത്തകരായ പോൾ മണലിൽ, വർഗീസ് സി തോമസ്, ജോർജ് കോശി മൈലപ്ര, ഡോ. ജോസ് പാറക്കടവിൽ, വിജോയ് സ്കറിയ, കുര്യാക്കോസ് തോട്ടത്തിൽ, സാംകുട്ടി ചാക്കോ നിലമ്പൂർ, തോമസ് മുല്ലയ്ക്കൽ എന്നിവർ വിവിധ വിഷയങ്ങളിൽ ക്ലാസ്സുകൾ എടുത്തു.

ക്യാമ്പിന്റെ ഭാഗമായി വൈകുന്നേരങ്ങളിൽ നടന്ന ചർച്ചാ സമ്മേളനങ്ങളിൽ ടി.എം മാത്യു (ഗുഡ്ന്യൂസ്), ഡോ.ജോൺ കെ മാത്യു (റിവൈവ്) എന്നിവർ വിഷയങ്ങൾ അവതരിപ്പിച്ചു. ഷാജൻ ഇടയ്ക്കാട്, വിജോയ് സ്കറിയ എന്നിവർ മോഡറേറ്റർമാരായിരുന്നു. ആനി സ്റ്റീഫൻ, ജെ.വർഗീസ്, എൻ.എം രാജു, ജോമോൻ തോമസ്, സാം ടി മുഖത്തല, സാജു മാത്യു, അച്ചൻകുഞ്ഞ് ഇലന്തൂർ, സാം പനച്ചയിൽ, ജോൺ ഫിലിപ്പ്, സാലി മോനായി, തുടങ്ങിയവർ ചർച്ചകളിൽ സംസാരിച്ചു.

പ്രൊഫ.മാത്യു പി തോമസ്, സാജു മാത്യു, സാജു ജോസഫ്, തോമസ് മുല്ലയ്ക്കൽ, ഫിന്നി പി മാത്യു എന്നിവർ വിവിധ സെക്ഷനുകളിൽ പ്രഭാഷണങ്ങൾ നടത്തി.

സമാപന സമ്മേളനത്തിൽ സൗത്ത് ഇന്ത്യാ ഏ.ജി സൂപ്രണ്ട് റവ.വി.ടി ഏബ്രഹാം മുഖ്യ പ്രഭാഷണം നടത്തി. പ്രമുഖ എഴുത്തുകാരൻ എൽ. സാമിനെ പുരസ്കാരം നൽകി ആദരിച്ചു. തോമസ് വടക്കേക്കുറ്റ് പുരസ്കാര പ്രഭാഷണം നിർവ്വഹിച്ച് പുരസ്കാര ഫലകം കൈമാറി. അച്ചൻകുഞ്ഞ് ഇലന്തൂർ പൊന്നാട അണിയിച്ചു. കോഴ്സ് വിജയകരമായി പൂർത്തിയാക്കിയവർക്ക് റവ.വി.ടി ഏബ്രഹാം സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. റവ.പി.ജി മാത്യൂസ്, അച്ചൻകുഞ്ഞ് ഇലന്തൂർ, വിജോയ് സ്കറിയ, സി.പി മോനായി, സാംകുട്ടി ചാക്കോ നിലമ്പൂർ എന്നിവർ നേതൃത്വം നൽകി.

ബ്രദർ പി.ജി. വർഗീസിന്റെ ആത്മീയ നേതൃത്വത്തിൽ

വിശുദ്ധ നാടുകളിലേക്ക്

യെരുശലേം
പീസ് ഫെസ്റ്റിവൽ

ഏപ്രിൽ 5 മുതൽ 13 വരെ



ബ്രദർ പി.ജി. വർഗീസ് & സിസ്റ്റർ ലില്ലി വർഗീസ് നയിക്കുന്ന ധ്യാനപ്രാർത്ഥനകളും പ്രഭാഷണങ്ങളും

- ഈജിപ്റ്റ്, ഇസ്രായേൽ, പലസ്തീൻ, ജോർദ്ദാൻ എന്നീ രാജ്യങ്ങളിലൂടെ പഠനയാത്ര.
- ലോകത്തിന്റെ വിവിധ രാജ്യങ്ങളിൽ നിന്നുമുള്ളവർ ഈ സംഗമത്തിൽ പങ്കെടുക്കുന്നു.
- ഇന്ത്യയുടെ എല്ലാ സ്റ്റേറ്റുകളിൽ നിന്നും യാത്രകൾ.
- വിദേശത്തുള്ളവർക്ക് നേരിട്ട് വിശുദ്ധനാട്ടിലെത്താൻ ക്രമീകരണം

*In association with Maruppacha*

യാത്രാ ക്രമീകരണങ്ങൾക്ക് ഉടൻ ബന്ധപ്പെടുക

e-mail: pgjerusalem@gmail.com
Mobile: +91 98471 66994, +91 99611 03983, +91 469 2634321

ദൈവ സ്നേഹത്തിന്റെ പാട്ടുകൾ

# ബലമുള്ള കരങ്ങളിൽ



ജോജി ഐപ്പ് മാത്യൂസ്

**ആ**ത്മപ്രവാഹത്തിന്റെ തിരതള്ളലിൽ സംഗീത സാഗരമായി മാറിയതാണ് ജെയിംസ് ജോണിന്റെ ജീവിതം. രോഗവും ദുഃഖവും നിന്ദകളും കലാപവും ജീവിതത്തെ തളർത്തുന്ന കണ്ണീർച്ചാലുകളായപ്പോൾ രക്ഷകനായ യേശുക്രിസ്തുവിന്റെ സ്നേഹവും കരുതലും നൽകിയ അനുഭവം സംഗീതത്തിന്റെ പെരുമഴ തീർത്തു.

ജെയിംസ് ജോണിന്റെ നാവിൽ നിന്നും ഉതിർന്നിറങ്ങിയ സംഗീതം അലകളായി മാറിയപ്പോൾ ആയിരങ്ങളുടെ ഹൃദയങ്ങളിൽ ഇടിമുഴക്കം പോലെ പ്രതിധ്വനിക്കുകയാണ്. മാതാവിൽ നിന്നും ലഭിച്ച സംഗീതത്തിന്റെ രുചിക്കൂട്ട് അനേകം വേദികളിൽ വിരുന്നായതോടെ വിശ്വാസസമൂഹത്തിന് ലഭിച്ചത് അറുപതിലേറെ നവഗാനങ്ങളാണ്.

ബാലനായിരിക്കുമ്പോൾ തന്നെ പിവൈപിഎ വേദികൾ കീഴടക്കി സംഗീതത്തിലേക്കുള്ള വരവറിയിച്ചു. 13-ാം വയസിൽ തന്നെ കീ ബോർഡ്, ഗിറ്റാർ തുടങ്ങിയ സംഗീത ഉപകരണങ്ങളും ഉപയോഗിക്കാൻ അഭ്യസിച്ചു.



1987 മുതൽ ഇവാഞ്ചൽ വോയ്സ് എന്ന സംഗീത ടീമിൽ ഗായകനായതോടെ അതേവർഷം 21-ാം വയസിൽ ഓൾ ഇന്ത്യ റേഡിയോയിലൂടെയും തന്റെ ശബ്ദം ലോകം ശ്രവിച്ചു.

തോന്ന്യാമല പുതുപ്പറമ്പിൽ പി.എ. ജോണിയുടെയും സൂസമ്മയുടെയും മകനായി 1966 മെയ് 16 ന് ജനിക്കുമ്പോൾ തന്നെ പ്രവചനം പോലെ പലരും പറയുമായിരുന്നു കുഞ്ഞ് ഒരു പാട്ടുകാരനാകുമെന്ന്.

1997 ൽ ദുബായിലെ ജോലി രാജി വച്ച് കുടുംബമായി നാട്ടിൽ താമസിക്കുന്ന സമയത്ത് വലിയ സാമ്പത്തീക പ്രതിസന്ധിയിലേക്ക് കൂപ്പുകുത്തുമെന്ന് തോന്നിയപ്പോൾ ദൈവം നാവിൽ തന്ന ഗാനമാണ് ഏറെ ഹിറ്റായി മാറിയത്. ഭാര്യ മേഴ്സിയുടെ മലബാറിലുള്ള വസ്തുവിറ്റ് കുമ്പനാട്ടേക്ക് താമസം മാറ്റാനായി കുമ്പനാട്ടുള്ള വസ്തുവിന് ഒരു ലക്ഷം രൂപ അഡ്വാൻസ് കൊടുത്തെങ്കിലും വസ്തു വാങ്ങാൻ കഴിയാത്തപോലെ സാമ്പത്തീക പ്രതിസന്ധിയിലായി.

അന്ന് പാടി -

ബലമുള്ള കരങ്ങളിൽ തരുന്നു
ബലത്തോടെ നടത്തണേ ദിനവും
ഈ ലോക യാത്രയോ ക്ഷണികം
അതിലുള്ള ജീവിതം കഠിനം

ജീവിതത്തിൽ പ്രയാസങ്ങൾ നേരിട്ടപ്പോഴും ബലമുള്ള ദൈവത്തിന്റെ കരത്തിൽ സമർപ്പിച്ച് ബലത്തോടെ നടക്കാൻ കഴിഞ്ഞത് തന്റെ അനുഭവമാണ്. ക്ഷണികമായ ലോകയാത്രയിലെ ജീവിതം വളരെ കഠിനമെങ്കിലും പ്രതീക്ഷയുടെ ഒരു ഭാവി ക്രിസ്തുഭക്തനുണ്ട്. താൻ പുറത്തിറക്കിയ 16 സിഡികളിലും അനുഭവങ്ങളുടെ സംഗീതമാണ്.

വളരെക്കാലത്തെ ആഗ്രഹമായിരുന്നു പാട്ട് എഴുതി ട്യൂൺ ചെയ്യണമെന്നുള്ളത്. അങ്ങനെയിരിക്കെ ഇവാഞ്ചൽ വോയ്സിൽ പാടിക്കൊണ്ടിരുന്ന കാലഘട്ടത്തിൽ ഒരു പാട്ട് എഴുതി ട്യൂൺ ചെയ്തു. പക്ഷേ നിർഭാഗ്യവശാൽ അത് മറ്റൊരു പ്രസിദ്ധഗാനത്തിന്റെ ട്യൂണായിപ്പോയതിനാൽ ആ ദൗത്യം ഉപേക്ഷിച്ചു.

1993-ൽ ഉദ്യോഗാർത്ഥം ദുബായിൽ എത്തി..... Dubai Daira യിലുള്ള വീട്ടിൽ നിന്നും ജോലിസ്ഥലത്തേക്ക് 20 മിനിറ്റ് നടന്നാണ് പൊയ്ക്കൊണ്ടിരുന്നത്. ഒരു ദിവസം ജോലികഴിഞ്ഞ് വരവേ ദൈവം ചെയ്ത ഉപകാരങ്ങളെ ഓർത്ത് നന്ദിയാൽ ഹൃദയം നിറഞ്ഞപ്പോൾ കിട്ടിയ ആദ്യഗാനമാണ് 'ആമോദം' സിഡിയിൽ ഉൾപ്പെടുത്തിയ "നിരന്തരം സ്തുതിയ്ക്കും തൻ നാമത്തെ ഈ മരുഭൂയാത്രയിൽ" എന്ന് തുടങ്ങുന്ന ഗാനം. ജോലിയിൽ പ്രൊമോഷൻ ലഭിച്ചത് മൂലം അസൂയ പൂണ്ടു സഹപ്രവർത്തകൻ തന്നെ വളരെ ഉപദ്രവിച്ച് പുറത്തു ചാടിക്കാൻ ശ്രമം നടത്തിയപ്പോൾ കർത്താവ് നാവിൽ തന്ന് ബലപ്പെടുത്തിയ ഗാനമാണ്. "യേശു ഒരുക്കുന്നവഴി അടപ്പാനായ് ആരാലും സാദ്ധ്യമല്ല എന്ന ഗാനം". ഈ ഗാനത്തിൽ ബലപ്പെട്ട് ദൈവത്തിൽ കൂടുതലായ് ആശ്രയിച്ച തന്നെ വീണ്ടും പ്രൊമോഷൻ നല്കി. കർത്താവ് മാനിച്ചു. ദുബായ് എബനേസ്സറിൽ ആരാധിക്കുന്നകാലം അവിടെ എല്ലാ ചൊവ്വാഴ്ചയും രാത്രി 12 മുതൽ 4 am വരെ യുവാക്കളുടെ ഒരു പ്രയർ ക്രമീകരിക്കാൻ കർത്താവ് ഇടയാക്കി. ആ പ്രയറിൽ സംബന്ധിച്ചിരുന്ന ഒരു സഹോദരൻ വിവിധ പ്രശ്നങ്ങളുടെ മുഖത്ത് വളരെ നീറിക്കഴിഞ്ഞിരുന്ന സമയമായിരുന്നു....

ഒരു ദിവസം പ്രാർത്ഥന കഴിഞ്ഞ് എണീറ്റപ്പോൾ കർത്താവ് ആ സഹോദരന്റെ ഉറപ്പിനും ധൈര്യത്തിനുമെന്നോണം തന്ന ഒരു പ്രസിദ്ധഗാനമാണ് "വിശ്വസിച്ചാൽ നീ ദൈവത്തിന്റെ മഹത്വം കാണും നിശ്ചയം".

തന്റെ മാതാവിന്റെ ഗുരുതരമായ രോഗാവസ്ഥയിൽ ദൈവം തന്ന ഗാനമാണ് 'ഈ ലോകത്തിൽ കഷ്ടതകൾ പെരുകിയാലും...... ഈ ലോകത്തിൽ ദുഃഖങ്ങൾ തളർത്തിയാലും വിലാപങ്ങളെ നൃത്തമാക്കിടും നാഥൻ നിത്യതയോളവും വഴിനടത്തും..... എന്നുള്ളത്.

ഒറീസയിൽ ആയിരിക്കും കാലം....പെട്ടെന്ന് ഒരു മരണഭീതി നിഴലിട്ടു.... ഞാൻ പെട്ടെന്ന് മരിച്ചുപോകുമെന്നുള്ള ഒരു തോന്നൽ..... പക്ഷെ വചനത്തിൽ ബലപ്പെട്ടു.... അങ്ങനെ സംഭവിച്ചാലും ഭയപ്പെടേണ്ടതില്ല കാരണം ഇന്ന് മരിച്ചാൽ നിത്യതയിൽ ചേർക്കപ്പെടുമെന്നുള്ള ഉറപ്പുണ്ടായിരുന്നു.

ഈ അവസരത്തിൽ ലഭിച്ച പാട്ടാണ് തിരുനിവാസം സിഡിയിലെ പറന്നു പറന്നു പോകും ഞാനും പ്രാണപ്രീയൻ വിരവിൽ...... എന്നുള്ളത്.

2003 മുതൽ 2009 വരെ ഒറീസയിൽ സുവിശേഷവേലയുള്ള അവസരത്തിലും അനേകം ഗാനങ്ങൾ രചിച്ചിട്ടുണ്ട്. 2008-ൽ കണ്ഡമാൻ കലാപസമയത്ത് ജീവനുപോലും ഭീഷണി നേരിടുന്നവസരം.... പുറത്തിറങ്ങാൻ കഴിയാതെ ചിലദിവസങ്ങൾ വീട്ടിനുള്ളിലായിരുന്നു. ഈ അവസരത്തിൽ ദൈവം തന്ന ഗാനങ്ങളാണ്. കുഞ്ഞാടെമഹത്വം, വരുമേ പ്രിയൻ മേഘത്തിൽ, പോയതുപോൽതന്നെ വീണ്ടും വരാമെന്ന്, അടുത്തിടുന്നു നാം അടുത്തിടുന്നു.... തുടങ്ങുന്ന ഗാനങ്ങൾ എല്ലാം.

ഉള്ളം തകരുമ്പോൾ ശരണമേശു താൻ
ഉറ്റവർ വെറുക്കുമ്പോൾ ആശ്രയം യേശു താൻ

എന്നഗാനം. തന്റെ ജീവിതത്തിൽ ആരോടും പുറത്തു പറയാൻ കഴിയാത്ത ചില ഒറ്റപ്പെടലുകളും പ്രതിസന്ധികളും അനുഭവിച്ചപ്പോൾ കർത്താവ് തന്ന് ബലപ്പെടുത്തിയ ഗാനമാണ്.

1993-ൽ ദൈവകൃപയിൽ ആശ്രയിച്ച് കാസറ്റ് മിനിസ്ട്രി ആരംഭിച്ചു. അടുത്തകാലത്ത് പുറത്തിറക്കിയ, ഹോളീനസ്, യേശുവിലെൻ തോഴൻ, എന്നീ 2 MP3 കൾ ഉടൻ റിലീസ് ചെയ്യപ്പെടും. പുതുതായി റെക്കോഡ് ചെയ്ത 50-ൽ പരം സൂപ്പർഹിറ്റ് ഗാനങ്ങളുടെ റെക്കോഡിംഗ് പൂർത്തിയായി കഴിഞ്ഞു. ഈ സിഡി 2012 ജനുവരിയിൽ റിലീസ് ചെയ്യും.

ഭാര്യ: പരേതനായ പാസ്റ്റർ വി.എ തോമസിന്റെ മകൾ മേഴ്സി. മകൾ: കെസിയ

ഇപ്പോൾ കേരളത്തിൽ താമസിച്ച് സഭാ പ്രവർത്തനവും അതോടൊപ്പം ഷെക്കെയ്ത സിങ്ങേഴ്സ് എന്ന സംഗീത ഗ്രൂപ്പിനും നേതൃത്വം നല്കുന്നു.



**2003 മുതൽ 2009 വരെ ഒറീസയിൽ സുവിശേഷ വേലയുള്ള അവസരത്തിലും അനേകം ഗാനങ്ങൾ രചിച്ചിട്ടുണ്ട്. 2008-ൽ കണ്ഡമാൻ കലാപസമയത്ത് ജീവനു പോലും ഭീഷണി നേരിടുന്നവസരം.... പുറത്തിറങ്ങാൻ കഴിയാതെ ചിലദിവസങ്ങൾ വീട്ടിനുള്ളിലായിരുന്നു. ഈ അവസരത്തിൽ ദൈവം തന്ന ഗാനങ്ങളാണ്. കുഞ്ഞാടെമഹത്വം, വരുമേ പ്രിയൻ മേഘത്തിൽ, പോയതുപോൽതന്നെ വീണ്ടും വരാമെന്ന്, അടുത്തിടുന്നു നാം അടുത്തിടുന്നു....**

Email:prjamespj@gmail.com. Ph: 9497105321

# ദൈവാശ്രയമാകുന്ന വെളിച്ചവുമായി നടന്നുനീങ്ങിയ ഒരു പിതാവ്

ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്താ



**ലോ**കമാം ഗംഭീരവാരിധിയിലെ കാറ്റിലും കോളിലും ആടിയുലഞ്ഞ കുടുംബജീവിതമാകുന്ന നൗകയെ, സ്വന്തം അനാരോഗ്യത്തെ അവഗണിച്ചും അതിജീവിച്ചും ആവുന്നതിലപ്പുറം തുഴഞ്ഞ ഒരു അമരക്കാരനെക്കുറിച്ചുള്ള മകന്റെ ഹൃദയതുടിപ്പുകളാണ് "നുറുങ്ങിയ ഹൃദയവും താങ്ങിയ ദൈവവും" എന്ന ചെറുഗ്രന്ഥം. പേജുകളുടെ എണ്ണത്തിലാണ് ചെറുഗ്രന്ഥം എന്നു പറഞ്ഞുപോയത്. പക്ഷേ ഉള്ളടക്കത്തിന്റെ ഉൾക്കാമ്പിൽ ഉദാത്തതയില്ലാതില്ല.

പ്രയാസങ്ങളിൽ പതറാതെ കാർഷിക വൃത്തിയിലൂടെ കരകയറാം എന്നു കാട്ടിത്തന്ന ജീവിതം തണലാകുമെന്ന് കണ്ടത് മുറിഞ്ഞുപോയപ്പോഴും മുറിച്ചുമാറ്റിയപ്പോഴുമുള്ള വേദനയുടെ ആഴം അനുഭവിച്ചവർക്കേ അറിയൂ. പ്രതിസന്ധികളാകുന്ന ഇരുളിന്റെ ഭീകരതയിൽ ദൈവാശ്രയമാകുന്ന നുറുങ്ങുവെളിച്ചവുമായി നടന്നു നീങ്ങിയ ഒരു പിതാവ്. സന്ധ്യാസമയങ്ങളിലെ നമസ്ക്കാരവും ഒപ്പമുള്ള വാചാപ്രാർത്ഥനയും തുടർന്നുള്ള കുടുംബാരാധനയുമായി ആത്മീയ പൈതൃകം കാത്തു സൂക്ഷിച്ച കുടുംബനാഥൻ. ഭൂമിയിൽ ആരേയും കണക്കുബോധിപ്പിക്കേണ്ട കാര്യമില്ലാഞ്ഞിട്ടും കൃത്യമായ കണക്കുകൾ കാത്തുസൂക്ഷിച്ച സ്വന്തം കാർ ഓടിയ ദൂരം, അതിന്റെ അലൈൻമെന്റ് നോക്കി കിലോമീറ്റർ, എന്തിന് ടയർ ഓടിയ ദൂരം വരെ എഴുതി വയ്ക്കുക – ഇതിന്റെ ഒക്കെ ആവശ്യമുണ്ടോ? ഉത്തമകാര്യദർശികൾ അങ്ങനൊക്കെയാണ്. മകൻ എടുത്ത വായ്പ നിശ്ചിത തീയതിക്കുള്ളിൽ ക്രമമായി അടയ്ക്കുന്നുണ്ടോ എന്നന്വേഷിക്കുവാനും മറക്കുന്നില്ല. ജീവിതം ആർഭാടത്തിനും, ആഘോഷത്തിനും, ആനന്ദത്തിനും മാത്രമുള്ളതാണെന്നും – അതു ആവുന്നത്ര വിധത്തിൽ, ആവോളം ആസ്വദിക്കണമെന്നുള്ള ആധുനിക ആവേശത്വരയിൽ, വ്യത്യസ്തകാഴ്ചപ്പാടുകളെ വിഡ്ഢിമെന്നു വിശേഷിപ്പിച്ചേക്കും "വ്യക്തിയുടെ സന്തോഷം പൊതു സന്തോഷത്തിലധിഷ്ഠിതമായിരിക്കണമെന്നും അദ്ധ്വാനിച്ചുള്ള ജീവിതമാണ് മഹത്വപൂർണ്ണമായ ജീവിതരീതി"യെന്നും നമ്മെ പഠിപ്പിച്ചതു രാഷ്ട്രപിതാവായ ഗാന്ധിജിയാണ്.

സുതാര്യതയുടെ ഊഷ്മളവും നൈർമ്മല്യവുമായ ഒരു പിതൃപുത്രബന്ധത്തിന്റെ ആവിഷ്ക്കാരം ആദിയോടന്തം അനുഭവപ്പെടുന്നു. ശിക്ഷ ദ്വേഷ്യം തീർക്കാനുള്ള അവസരമല്ലെന്നും നന്നാകാനും മേലിൽ അതാവർത്തിക്കാതിരിക്കുവാനുള്ള തിരിച്ചറിവ് സൂക്ഷിക്കുവാനുമുള്ള സന്ദർഭങ്ങളായിരിക്കണമെന്നും കണ്ടിരുന്നു. കൂടുതൽ മെച്ചപ്പെട്ട മാനസിക ജീവിതം എങ്ങനെകൈവരിക്കാം എന്ന ചോദ്യത്തിനു നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന ഒരു ഉത്തരം; 'കുറ്റപ്പെടുത്തലുകളെ പറഞ്ഞുവിടുക. പകരം പ്രതീക്ഷ, സ്നേഹം, പ്രോത്സാഹനം ഇവ നട്ടുപിടിപ്പിക്കുക. ഈ വികാരങ്ങൾ നിങ്ങൾക്കു പൂർണ്ണ സുഖം തരും."



ബേണി

ആത്മനിഷ്ഠയും അതിന്നനുയോജ്യമായ ആഗ്രഹങ്ങളുമാണ് ജീവിതത്തെ ശ്രേഷ്ഠമാക്കുന്നത്. "സ്വന്തം സ്വത്വത്തെ ഉദാത്തതത്വങ്ങളാൽ ഉത്കൃഷ്ടമാക്കണം." എന്ന നിർദ്ദേശമാണ് ഫ്രാൻസ് ഹാനർ എന്ന ചിന്തകൻ മുമ്പോട്ടു വയ്ക്കുന്നത്. എല്ലാ കാവ്യനീതികളും മൂല്യങ്ങളും പണത്തേക്കാൾ വലുതല്ല എന്ന കാഴ്ചപ്പാട് ആത്മീയ – സാമൂഹ്യ – രംഗങ്ങളിൽ വ്യാപകമായിരിക്കുമ്പോൾ, അങ്ങനെയല്ലാ എന്നറിയിക്കേണ്ട ബാദ്ധ്യതയുണ്ട്. അതിന്നുള്ള ഒരു ശ്രമമായി ഈ ഗ്രന്ഥത്തെ കാണും. നാട്ടിൻപുറത്തെ സുഹൃദ്ബന്ധങ്ങളും കുശലങ്ങളും നാട്ടനുഭവങ്ങളുമൊക്കെ പച്ചയായ മനുഷ്യബന്ധങ്ങളിലെ ആത്മാർത്ഥത ആഴത്തിൽ പകർത്തിയിരിക്കുന്നു. അതിൽ കൂലി പണിക്കാരനും കുടികിടപ്പുകാരനുമായ കുഞ്ഞച്ചൻ മുതൽ ആത്മീയരംഗത്തെ അതികായകനായ അഭി. ഒസ്താസിയോസ് തിരുമേനിവരെ ഉൾപ്പെട്ടിരിക്കുന്നു. വർണ്ണ–വർഗ്ഗ–മത മതിലുകളുടെ ഇടുങ്ങിയ മനോഭാവമില്ലാത്ത മനുഷ്യത്വത്തിന്റെ ഭാവങ്ങളും രൂപങ്ങളും ഗ്രാമീണ ജീവിതത്തിന്റെ കുളിർമ്മ കൂട്ടുന്ന കാര്യങ്ങളായിരുന്നു. "നമ്മുടെ ചുറ്റുവട്ടങ്ങളിൽ വെളിച്ചത്തിന്റെ ഒരു ബിന്ദു ആകുന്നതിനേക്കാൾ വലിയ ഭാഗ്യമില്ല." –പറഞ്ഞതു ധ്യാനഗുരുവായ ഫാ. ബോബി ജോസ് കട്ടികാടാണ്. അങ്ങനെയെങ്കിൽ ഈ പിതാവിനേയും ആ കൂട്ടത്തിൽ ഉൾപ്പെടുത്താം. നമ്മുടെ മുൻതലമുറ മുഴുവൻ അങ്ങനെയാണെന്നെന്റെ വിശ്വാസം. "അച്ചാച്ചൻ എഴുതിവച്ച ഡയറികുറിപ്പുകളും കണക്കുകളും വൈകിയാണെങ്കിലും എനിക്ക് പ്രചോദനമാകുകയാണ്. ജീവിതത്തെ ഒരു പരിധിവരെ ചിട്ടപ്പെടുത്തി മുന്നോട്ടു പോകുവാൻ ഈ ഡയറിക്കുറിപ്പുകളും എന്നെ സഹായിക്കുന്നു എന്ന ഗ്രന്ഥകാരന്റെ സാക്ഷ്യപ്പെടുത്തൽ കൂടുതൽ അനുഗ്രഹമാകട്ടെ. 'യഥാപിതാ, തഥാപുത്രാ' – നന്മയിൽ ഒരന്വർത്ഥമാകട്ടെ.




പത്രമാധ്യമരംഗത്തും വരമൊഴിരംഗത്തും മികവുതെളിയിച്ച, ബേണി എന്നും അലക്സ് തെക്കനാട്ടിൽ എന്നും ഒരുപോലെ അറിയപ്പെടുന്ന ഗ്രന്ഥകാരന്റെ ഒരല്പം ആത്മകഥാംശം കൂടിയായിത്തീരുകയാണ്. ഈ ഗ്രന്ഥം ക്രിയാത്മകമായ കൂടുതൽ കൃതികൾക്കു മുഖാന്തിരമാകട്ടെ.

ബഥനി അരമന, തിരുവല്ല





AMEN ONLINE THEOLOGICAL SEMINARY
ഇൻഡ്യയിലെ ആദ്യത്തെ ഓൺലൈൻ സെമിനാരി
C.Th, G.Th, B.Th, M.Div, M.Th
എന്നീ കോഴ്സുകൾ ലഭ്യമാണ്
മലയാളത്തിലും ഇംഗ്ലീഷിലും പഠിക്കുവാൻ അവസരം
Accredited by: IACEA, USA & Faith Theological Seminary, Manakkala
Visit us: www.amenseminary.com
Phone: +914734-224616, Mob: 8086680468

AMEN NEWS
ഇംഗ്ലീഷിലും, മലയാളത്തിലും നിങ്ങളിൽ എത്തുന്ന
ക്രൈസ്തവലോകത്തെ ഏക ഓൺലൈൻ പത്രം
Visit us: www.amennewsreport.com

# മടങ്ങാം നമുക്ക്, കുടുംബപ്രാർത്ഥനയിലേക്ക്

5–ാം പേജ് തുടർച്ച

പ്രാർത്ഥന ദൈവം കേട്ടു, മക്കളെ പഠിപ്പിച്ചു, ഗൾഫിലയച്ചു, ഉദ്യോഗസ്ഥരായി, വലിയ വീടായി വാഹനമായി, കപ്പയും കാന്താരിയും മാറി ഫ്രൈഡ് റൈസും ചിക്കനുമായി. സ്വീകരണമുറിയിൽ ടെലിവിഷനായി. അങ്ങനെ കുടുംബപ്രാർത്ഥനയ്ക്കു പകരം സീരിയൽ കാണുന്നത് പതിവായി. ക്രിസ്ത്യാനികളുടെ കുടുംബ പ്രാർത്ഥന അപ്രത്യക്ഷമായി – ഒപ്പം അക്രൈസ്തവരുടെ നാമം ജപിക്കലും നിന്നു.

നമ്മുടെ അമ്മയപ്പന്മാർ പ്രാർത്ഥിച്ചു, നാം അനുഗ്രഹിക്കപ്പെട്ടു. ഇന്നു നാം പ്രാർത്ഥിക്കുന്നതു നിർത്തി. നമ്മുടെ മക്കൾ ദൈവമില്ലാത്തവരായി ദൈവമില്ലെന്നു പറയുന്ന രാഷ്ട്രീയപാർട്ടികളുടെ പ്രവർത്തകരായി. ക്രിസ്തീയ പ്രവർത്തനത്തെ തടയുകയും, പ്രവർത്തകരെ മർദ്ദിക്കുകയും ചെയ്യുന്ന പാർട്ടിക്കാരുടെ കൂട്ടാളികളായി. അവർ മദ്യപാനികളും ലഹരി ഉപയോഗിക്കുന്നവരുടെയും കുരുക്കിലുമായി. ദുഃഖവെള്ളിയാഴ്ച പോലും പള്ളിയിൽ പോകാത്തവരായിത്തീർന്നു ഇന്ന് നമ്മുടെ മക്കൾ. സ്നാനപ്പെട്ടവരാണെങ്കിലും അനാത്മീകരാകുന്നു. അടിപിടിക്കാരും കൊലപാതകികളുമായി ജയിലിൽപ്പോകുന്നു. (കേരളത്തിലെ ക്രിസ്ത്യാനികളുടെ എണ്ണം 20 ശതമാനം മാത്രമാണെങ്കിലും ജയിൽ പുള്ളികളിൽ 50 ശതമാനം ക്രിസ്ത്യാനികളാണ്). പോലീസ് കേസിൽ പെടുന്നവർ അഥവാ പത്രത്തിൽ വരുന്ന കുറ്റവാളികളുടെ പേരിൽ പകുതിയും ക്രിസ്ത്യാനികളുടേതാണ്.

നാം കുടുംബ പ്രാർത്ഥന പുനരാരംഭിക്കണം. എസ്രായുടെയും നെഹമ്യാവിന്റെയും പുസ്തകങ്ങൾ വായിച്ച്, 'ഞങ്ങളെ വീണ്ടും ജീവിപ്പിക്കേണമേ' എന്നു പ്രാർത്ഥിക്കാം.

സീരിയലിനോടു നമുക്കു സലാം പറയാം. 'കന്യകാമറിയം' എന്നോ, 'യിസ്രായേലിന്റെ ദൈവം' എന്ന പേരിലോ സീരിയൽ വന്നാലും കുടുംബപ്രാർത്ഥനയുടെ സമയം ടെലിവിഷനു കൊടുക്കുകയില്ലെന്നു തീരുമാനിക്കാം.

ഒരനുഭവം പറയാം. 1980–ലാകണം ഞങ്ങളന്നു പഞ്ചാബിലെ പഠാൻകോട്ടാണ്. ഒരു ദിവസം ഹിന്ദുവായ ഒരുമാന്യൻ, എന്നെ കാണാൻ വന്നു. ലില്ലിയോടും മക്കളോടും പ്രാർത്ഥിക്കാൻ പറഞ്ഞിട്ട് ഞാനദ്ദേഹത്തോട് സംസാരിച്ചിരുന്നു, ഒടുവിൽ അദ്ദേഹത്തെ പ്രാർത്ഥിച്ചയച്ചു.

അടുത്തദിവസം ബൈബിൾ കോളജിൽ പഠിപ്പിക്കാൻ വന്ന എന്റെ അനുജൻ ജോഷ് എന്നെ വിളിച്ച് ഒരിടത്ത് മാറിയിരുന്നു സംസാരിച്ചു. അവൻ എന്നോട് ഒരു ചോദ്യം ചോദിച്ചത് എന്റെ മനസ്സിൽ ഉടക്കി നിന്നു. "രാഷ്ട്രീയ നേതാവിനോടു സംസാരിക്കുന്നതാണോ പ്രധാനം, അതോ മക്കളെ ദൈവവചനം പഠിപ്പിച്ചു പ്രാർത്ഥിക്കുന്നതാണോ?"

മിക്ക ദിവസവും യാത്രയിലായിരിക്കുകയും, ചുരുക്കം ദിവസങ്ങളിൽ മാത്രം വീട്ടിലുണ്ടായിരിക്കുകയും ചെയ്യുന്ന എന്റെ ഹൃദയത്തിൽ ഉടക്കുളിപോലെ ആ ചോദ്യം തറച്ചു നിന്നു. അന്നു ഞാൻ ഒരു സഭയുടെ പാസ്റ്ററാണ്. അതിനാൽ സ്ഥലത്തുണ്ടായിരിക്കുമ്പോൾ മിക്ക ദിവസവും ഞാൻ വിശ്വാസികളുടെ വീടുകളിൽ പ്രാർത്ഥനയ്ക്കു പോകുമായിരുന്നു.

അന്നു ഞാൻ ഒരു തീരുമാനമെടുത്തു. കുടുംബ പ്രാർത്ഥന മുടക്കുകയില്ല. വീട്ടിലുണ്ടെങ്കിൽ ഞാനും സംബന്ധിക്കും. ലീഡു ചെയ്യും, വചനം പഠിക്കും, പഠിപ്പിക്കും. ആരെങ്കിലും അതിഥികൾ വന്നാൽ കഴിയുമെങ്കിൽ അവരെക്കൂടി ക്ഷണിച്ചു പ്രാർത്ഥിക്കും.

ഞാൻ ചോദിക്കട്ടെ, നമ്മുടെ പ്രാർത്ഥനാ സമയത്ത് ഒരു അക്രൈസ്തവ സഹോദരൻ വന്നാലും "ഈ സമയം ഞങ്ങളുടെ കുടുംബ പ്രാർത്ഥനയുടെ സമയമാണ്. അങ്ങുകൂടി പ്രാർത്ഥനയ്ക്ക് ഇരിക്കാമോ? എന്ന് ആവശ്യപ്പെടണം.

പറയൂ – അദ്ദേഹം നമ്മുടെ കൂടെ ഇരിക്കുകയില്ലേ? യേശുവിനോടു പ്രാർത്ഥിക്കുന്നതിന്റെ മഹത്വം ആ വ്യക്തിക്കുകൂടി മനസിലാക്കുവാനുള്ള ഒരു സുവർണ്ണാവസരമല്ലേ?

ഞാൻ നന്മയുടെ മാർഗ്ഗം ഉപദേശിക്കട്ടെ, കുടുംബ പ്രാർത്ഥന മുടക്കരുത്. ആ സമയം അതിഥിയോ, ടെലിവിഷനോ, ഫോൺ കോളോ അപഹരിക്കരുത്. കുടുംബമായി പ്രാർത്ഥിക്കുക മാത്രം ചെയ്യുക.

കുഞ്ഞുങ്ങളുടെ പരീക്ഷാസമയമാണോ, അതേപോലെ മറ്റൊരു സാഹചര്യത്തിലോ, പ്രാർത്ഥനയുടെ ദൈർഘ്യം കുറക്കേണ്ടി വന്നേക്കാം. പക്ഷേ കുടുംബ പ്രാർത്ഥന മുടക്കരുത്.

(c) വീണ്ടും ഞാൻ ചോദിക്കട്ടെ, നിങ്ങളുടെ വീട്ടിൽ ഒരു പ്രത്യേക കുടുംബ പ്രാർത്ഥനായോഗം (Special Family Prayer Gathering) എന്നാണുണ്ടായത്?

മൂന്നുമാസത്തിലോ ആറുമാസത്തിലോ ഇതു വർഷത്തിലൊരിക്കലോ നടത്തണം. യേശു പറഞ്ഞു. "പ്രാർത്ഥനയാലും ഉപവാസത്താലുമല്ലാതെ ഈ ജാതി നീങ്ങിപ്പോകുന്നില്ല" (മത്തായി 17:21). മക്കൾ പിഴയാകുമ്പോഴല്ല, മക്കൾ ദൈവപൈതലായിരിക്കുമ്പോൾ തന്നേ, മകൻ കഞ്ചാവടിക്കുമ്പോഴല്ല, മകൻ സണ്ടേസ്കൂളിൽ പോകുമ്പോൾ തന്നെ, ഭാര്യയ്ക്കു തളർവാതം ഉണ്ടാകുമ്പോഴല്ല, ഭാര്യ ആരോഗ്യവതിയായിരിക്കുമ്പോൾ തന്നേ, കടം കയറി മുങ്ങിതാഴുമ്പോഴല്ല, ബാങ്കിൽ രൂപ ഉള്ളപ്പോൾ തന്നേ– അതേ എല്ലാം നന്നായിരിക്കുമ്പോൾ തന്നേ വീട്ടിൽ ഉപവാസ പ്രാർത്ഥന നടത്തുക.




**കുവൈറ്റിലേക്ക് സ്ത്രീകളെ ആവശ്യമുണ്ട്**

(വിസാ സൗജന്യം)

കുവൈറ്റികളുടെ ഭവനങ്ങളിലേക്ക്
വീട്ടുജോലി (Housemaid)
കുട്ടികളെ നോക്കുക (Baby sitter)
രോഗികളെ ശുശ്രൂഷിക്കുക (Home Nurse)
തയ്യൽ ജോലി (Tailor)
മുതലായവക്ക് താൽപര്യമുള്ള സഹോദരിമാർ ബന്ധപ്പെടുക.

ഇന്ത്യൻ എംബസി എഗ്രിമെന്റ് പേപ്പർ,
പരിപൂർണ്ണ ഉത്തരവാദിത്വം തുടങ്ങിയവ
ഞങ്ങളുടെ പ്രത്യേകതകൾ.

പ്രായപരിധി : 21 മുതൽ 45 വരെ

ദയവായി താൽപര്യമുള്ളവർ മാത്രം ബന്ധപ്പെടുക

ഫോൺ: 9446513785, 9447352855

# പ്രാർത്ഥനയാൽ ദൈവത്തെ സ്പർശിക്കാം

6–ാം പേജ് തുടർച്ച

സഭയുടെ ഏബ്രഹാം ലിങ്കൺ അച്ചൻ എന്നെ കാണാൻ വന്നു. കുറച്ചുനേരം ഒന്നിച്ചു പ്രാർത്ഥിക്കാനാഗ്രഹം തോന്നി. ഞങ്ങൾ രണ്ടുപേരും കൂടി ചത്തോങ്കര കാതലിക് ചർച്ചിന്റെ മുന്നിലെ ചരലിൽ പോയിരുന്നു പ്രാർത്ഥിച്ചു. അല്പം വണ്ണം കൂടുതലുള്ള അദ്ദേഹം അവിടെ ചരലിൽ മുട്ടുകുത്തി ഒരു മണിക്കൂറിലേറെ പ്രാർത്ഥിച്ചു. മാർത്തോമ സഭയിലെ ചില ശുശ്രൂഷകന്മാരുടെ വന്നുപോയ തെറ്റുകൾ സ്വയം ഏറ്റുപറഞ്ഞു നെഞ്ചത്തടിച്ചു കരഞ്ഞു കൊണ്ടു പ്രാർത്ഥിച്ചു. മറ്റുള്ള സഭാ നേതാക്കന്മാർക്കായി പ്രാർത്ഥിച്ചു.

എന്നെ ഇതു വളരെ ചിന്തിപ്പിച്ചു.

ആത്മാർത്ഥമായ പ്രാർത്ഥന. കണ്ണുനീരിൽ കുതിർന്ന പ്രാർത്ഥന. ഞാൻ ചിന്തിച്ചു പോയി– ഇത്തരം കുറേ സഭാശുശ്രൂഷകന്മാർ കൂടി വിവിധ സഭകളിൽ ഉണ്ടായിരുന്നെങ്കിൽ! സ്വന്തം സഭയെപ്പറ്റി ഭാരമുള്ള ദൈവവേലക്കാർ ഉണ്ടായിരുന്നെങ്കിൽ! പക്ഷേ ഇല്ല! ഉണ്ടായിരിക്കാം. പക്ഷേ കാണാനാകില്ല.

സിംഗപ്പൂരിൽ വച്ച് നടന്ന ഒരു അന്താരാഷ്ട്ര കോൺഫറൻസിൽ ഞാനൊരിക്കൽ സംബന്ധിക്കുകയായിരുന്നു. വിദേശത്തുതാമസിച്ചു സഭാ ശുശ്രൂഷ ചെയ്യുന്ന ഒരു ഇൻഡ്യാക്കാരനായ കാതലിക് പട്ടക്കാരനും ഉണ്ടായിരുന്നു. അദ്ദേഹത്തിൽ നിന്നും ഞങ്ങൾകേട്ട ഒരു വാർത്താശകലം ഞങ്ങളെ ചിന്തിപ്പിച്ചു. കത്തോലിക്കാ സഭയുടെ ഒട്ടനവധി കേന്ദ്രങ്ങളിൽ 24 മണിക്കൂറും പ്രാർത്ഥന നടക്കുന്നുണ്ട്. പ്രാർത്ഥനയ്ക്കായി മാത്രം ജീവിതം മാറ്റിവച്ച കന്യാസ്ത്രീകളും പട്ടക്കാരും ഈ സ്ഥലങ്ങളിൽ താമസിച്ചു പ്രാർത്ഥിക്കുന്നു: പ്രാർത്ഥനാ ചങ്ങല.

ഞാനൊരിക്കൽ പോട്ടയിൽ പ്രസംഗിക്കാനായി ചെന്നപ്പോൾ ഒരു കന്യാസ്ത്രീ നായ്ക്കനാംപറമ്പിൽ അച്ചനെ കാണിക്കാനായി, പുറത്തുനിന്നും പൂട്ടിയിരുന്ന ഒരു മുറിയുടെ മുമ്പിൽ നിർത്തി. താക്കോലുപയോഗിച്ചു മുറി തുറന്നു. അകത്ത് അച്ചൻ തറയിൽ കുത്തിയിരുന്നു പ്രാർത്ഥിക്കുന്നു. അദ്ദേഹത്തോടു ഞാൻ സംസാരിക്കുമ്പോൾ ഞാൻ ശ്രദ്ധിച്ചു – കാലിൽ പലയിടത്തും ഒട്ടകത്തിന്റെ കാലിലെ തഴമ്പുപോലെ. ദീർഘനേരം താഴെയിരുന്നു പ്രാർത്ഥിക്കുന്നതിനാൽ ലഭിച്ച തഴമ്പുകളാണ്.

നിങ്ങൾ യാക്കോബായ, ഓർത്തഡോക്സ് സഭയിലെ തിരുമേനിമാരെയും ഭക്തരായ പട്ടക്കാരയും ഇനിയും കാണുമ്പോൾ ശ്രദ്ധിക്കുക. അവരുടെ മുട്ടിലും കൈയുടെ വിരലുകളുടെ പുറത്തെ മടക്കിലും തഴമ്പുകൾ കാണാം. ഓരോ ദിവസവും പല പ്രാവശ്യം മുട്ടുകുത്തി കൈവിരലുകൾ മടക്കി നിലത്തിരുന്നു പ്രാർത്ഥിക്കുന്നതിനാൽ ലഭിച്ച അടയാളമാണിത്.

(ഞാൻ എല്ലാ സഭകളെയും എല്ലാ മഹാന്മാരെയും ശ്രദ്ധിക്കുന്നു. അവരിലെ നല്ല ഗുണങ്ങൾ പഠിക്കുന്നു. പകർത്തേണ്ടതു പകർത്തുന്നു. അവരുടെ തെറ്റുകളും അബദ്ധങ്ങളും പരാജയങ്ങളും എനിക്കു സംഭവിക്കാതിരിക്കുവാനും, പ്രത്യേകം ശ്രദ്ധിക്കുന്നു).

ഞാൻ പറയുന്നതിന്റെ സാരം ഇതാണ്. നാമും പ്രാർത്ഥിക്കണം.

നമ്മുടെ തലമുറകൾക്കായി പ്രാർത്ഥിക്കണം. പേരെടുത്ത് മക്കൾക്കും, കൊച്ചുമക്കൾക്കുമായി പ്രാർത്ഥിക്കണം.

നമ്മുടെ സ്വന്തം സഭയ്ക്കായി പ്രാർത്ഥിക്കണം. സഭാ നേതാക്കന്മാരുടെയും ശുശ്രൂഷകന്മാരുടെയും കുറ്റം പറയുന്നതു നിർത്തി അവരുടെ കുറ്റങ്ങൾ ഏറ്റുപറഞ്ഞ് പ്രാർത്ഥിക്കാം.

(ഒരാൾക്കായി ആത്മാർത്ഥമായി ഒരു മണിക്കൂർ നിങ്ങൾ പ്രാർത്ഥിച്ചാൽ നിങ്ങൾ അദ്ദേഹത്തിന്റെ കുറ്റം പറഞ്ഞു നടക്കുകയില്ല, പരത്തുകയില്ല എന്നു ഞാൻ പഠിപ്പിക്കുന്നു).

മറ്റുള്ള സഭകൾക്കായി 'പ്രാർത്ഥിക്കാം. അവരുടെ നന്മ, ഉയർച്ച, വളർച്ച ദൈവനാമത്തിനു മഹത്വം കൊണ്ടുവരുന്നു. നമുക്കും നല്ലതാണ്. അവരുടെ തളർച്ച നമ്മുടെ തളർച്ചയാണ്.

**മിഷനറി പ്രവർത്തനങ്ങൾക്കായി പ്രാർത്ഥിക്കാം**

യേശുവിനെപ്പറ്റി അറിഞ്ഞിട്ടില്ലാത്തവരുടെ ഇടയിൽ പ്രവർത്തിക്കുന്നവർ എപ്പോഴും സംഘർഷത്തിലാണ്. സുവിശേഷകർ, അവരുടെ ഭാര്യമാർ, മക്കൾ, മാനസികവും ശാരീരികവുമായ പീഡനത്തിലാകാം. ആഹാരമില്ലാതെ, വാടകകൊടുക്കാൻ നിവൃത്തിയില്ലാതെ നെടുവീർപ്പെടുകയുമാകാം. പ്രാർത്ഥിക്കാം.

ആർക്കും തന്നെ എല്ലാ സുവിശേഷ പ്രവർത്തനത്തെയും സഹായിക്കുവാൻ സാദ്ധ്യമല്ല. ബിൽഗേറ്റ്സിനും സാദ്ധ്യമല്ല. എന്നാൽ നമുക്കെല്ലാവർക്കും അറിയാവുന്ന ചില പ്രവർത്തകർക്കായി പ്രാർത്ഥിക്കുവാൻ കഴിയും. പ്രാർത്ഥിക്കുക. പേരെഴുതിയിട്ടു പ്രാർത്ഥിക്കുക.

വിദേശ രാജ്യങ്ങൾക്കായി പ്രാർത്ഥിക്കൂ. നാം ഒത്തിരി രാജ്യങ്ങളോടു കടപ്പെട്ടവരാണ്. ദൈവം ഇല്ല എന്നു പറയുന്ന രാഷ്ട്രീയ പ്രവർത്തകർക്ക് അവരുടെ ഉപദേശകശ്രോതസ് രാജ്യങ്ങളോട് കടപ്പാടുണ്ട്. ചിലർക്ക് റഷ്യയോടെങ്കിൽ ചിലർക്ക് ചൈനയോട്. അവർ ലോകത്തിലുള്ള മറ്റെല്ലാവരെയും എതിർക്കും. പക്ഷേ ഈ രാജ്യങ്ങളുടെ ഒരു തെറ്റിനെപ്പറ്റിയും മിണ്ടുകയില്ല.

നാം കടപ്പെട്ടിരിക്കുന്ന രാജ്യങ്ങളെ സ്നേഹിക്കണം പ്രാർത്ഥിക്കണം. ഈ രാജ്യങ്ങൾ അനുഗ്രഹിക്കപ്പെടട്ടെ. ഇവിടുത്തെ സഭകൾ അനുഗ്രഹിക്കപ്പെടട്ടെ. സഭകളിൽ ഉണർവ്വുണ്ടാകട്ടെ.

നമ്മുടെ ഗ്രാമത്തിലെ, തഹ്സീലിലെ, ഡിസ്ട്രിക്റ്റിലെ, സ്റ്റേറ്റിലെ, രാഷ്ട്രത്തിലെ ഭരണാധിപർക്കായി പ്രാർത്ഥിക്കാം.

**www.maruppachapathram.com**

# MATRIMONIALS

**വിവാഹ പരസ്യങ്ങൾക്ക് 500 രൂപ**

**പരസ്യങ്ങൾ ടെലിഫോണിലും സ്വീകരിക്കും**

**ഫോൺ: 0469 - 2634321**

e-mail: maruppacha@yahoo.com

വിലാസം : MATRIMONIALS, MARUPPACHA, TIRUVALLA -1

'MARUPPACHA' യുടെ പേരിൽ ഡി.ഡി എടുക്കുക

വിവാഹ പരസ്യങ്ങൾ സൗജന്യമായി

വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കും

പെന്തക്കോസ്തു യുവതി ചേരമർ 28 വയസ്, വെളുത്ത നിറം, +2. ഇടത്തരം കുടുംബം. അനുയോജ്യരായ പെന്തക്കോസ്തു യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.

**9947135256, 9995083768**

---

പെന്തക്കോസ്ത് യുവാവ് BCom, 165cm, 33 ഹൈന്ദവ പശ്ചാത്തലം, ഇരുനിറം രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. സാമ്പത്തികം പ്രശ്നമല്ല.

**9495869349, 9544896939**

---

രക്ഷിക്കപ്പെട്ടു സ്നാനപ്പെട്ട ക്രിസ്ത്യൻ പെന്തക്കോസ്ത് യുവാവ് (29/5'8") വെളുത്ത നിറം. BD, MSW ഡെറാഡൂണിൽ പഠിപ്പിച്ചുകൊണ്ടിരിക്കുന്നു. ഡിസംബർ 24ന് നാട്ടിൽ വരുന്നു. അനുയോജ്യരായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. ഗ്രാജുവേറ്റ്, BD കാർക്ക് മുൻഗണന.

**04735 265546, 9495554398**

---

പെന്തക്കോസ്ത് യുവാവ് (സാംബവ) 32 വയസ്സ്, 172cm, ഇരുനിറം, അബുദാബിയിൽ ജോലി, 2 മാസം ലീവിൽ, നഴ്സുമാരിൽ നിന്നും ആലോചന ക്ഷണിക്കുന്നു. സഹോദരി 29 വയസ്സ്, 162 cm, ഇരുനിറം, PDC, ജോലിയുള്ള യുവാക്കളിൽ നിന്നും ആലോചനകൾ ക്ഷണിക്കുന്നു.

**9895280014, 9656789540**

**Abykalliri@gmail.com**

---

Brethren parents inviting proposals for their only son 26 yrs, B.Tech in Electronics, working in MNC + Managing partner of a business firm. We are seeking a born again baptized girl below 23 yrs with good spiritual and family background. (Nurses excuse) Please mail full details to.

**proposaljame@yahoo.com**

---

Pentecostal family, settled in U.S.A. Invite marriage proposals for their son 25, 5'8'' U.S. Citizen. Very smart techincally qualified and doing for his further studies, employed is an international firm Born and brought up in India. God fearing and strong spiritual background. Musically taletend and has a heart for the Lord's Ministry. We are seeking proposals from parents of professionally qualified pentecostal girls.

**Phone No. 0469 2636079**

**shalom2900@yahoo.com**

---

വീണ്ടും ജനനം പ്രാപിച്ച യുവാവ് 31, 165 cm കുവൈറ്റ് ഓയിൽ കമ്പനിയിൽ ജോലി ചെയ്യുന്നു. നവംബർ അവസാനം നാട്ടിൽ വരുന്നു. കുവൈറ്റിൽ ജോലി ചെയ്യുന്ന Bsc നേഴ്സുമാരുടെ മാതാപിതാക്കളിൽ നിന്നും അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.

**9048278749, 9446878287**

---

Pentecostal parents invite proposal for their children .Son (DOB: July/1976, 172 cm) M.A working as a teacher in Chennai. Daughter (DOB: July/1979, 5'4 ) B.Com, Chartered Accountant working in Chennai. We are looking for born again, baptised, spirit filled girl & boy.Those interested may respond with details & photograph to :

**samlijo42@gmail.com**

**# 044-26840963, 09841307096**

---

പെന്തെക്കോസ്ത് യുവതി (28 വയസ്സ്, 5'3", B.Com & Diploma in Computer financial Management (DCFM), ചർച്ച് ഓഫീസിൽ പ്രവർത്തിക്കയും, യുവജനങ്ങളുടെ ഇടയിൽ സുവിശേഷീകരണവും, പ്രയർ സെല്ലിൽ നേതൃത്വം കൊടുക്കയും) അനുയോജ്യരായ പെന്തെക്കോസ്ത്‌യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു.

**0471 2352062, 9495270667**

---

Proposals invited from Pentecostal Parents of well qualified and employed boys for a syrian pentecostal girl, physiotherapist in Saudi, 33, 5.5".

**0755 2416186**

**09993037312, 9656225093**

---

ഹൈന്ദവ പശ്ചാത്തലത്തിൽ നിന്നും വിശ്വാസത്തിലേക്കുവന്ന ആത്മികനായ യുവാവ് (39 വയസ്സ് 5 അടി 7 ഇഞ്ച്) REC യിൽ നിന്നും B.E (Mechanical Engineering) പാസ്സായി ഇപ്പോൾ ഹൈദ്രാബാദിൽ Procurement Consultancy യിൽ ജോലി ചെയ്യുന്നു. ആത്മീകരായ വിദ്യാഭ്യാസമുള്ള യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചന ക്ഷണിക്കുന്നു.

**Ph: 0469 - 2548837, 09885376715,**

**sreerajsreesadan@gmail.com**

---

ദുബായിൽ ബാങ്കിൽ ജോലിയുള്ള പെന്തെക്കോസ്തു യുവാവ് 29 വയസ് 165 cm, BA, IATA. ഡിസംബർ അവസാനം നാട്ടിൽ വരുന്നു. സ്വദേശത്തോ, വിദേശത്തോ ഉള്ള പെന്തെക്കോസ്തു യുവതികളുടെ മാതാപിതാക്കളിൽ നിന്ന് അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു. BSc Nurse, MBA-കാർക്ക് മുൻഗണന. Family status ഉണ്ട്

**9947069640, 00971-50-3426942 00971-55-4518717**

**binuorientt@gmail.com**

---

പെന്തക്കോസ്ത് യുവതി, ഇരുനിറം, 25 വയസ്സ്, 163 cm, M.S.C B'ed, CBSE School Guest Teacher അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.

**0474-2450202, 9447161215**

---

## ഹൗസ് പ്ലോട്ടുകൾ വിൽപ്പനയ്ക്ക്

**കുമ്പനാട് ഹെബ്രോൻപുരത്തിനു സമീപം (ടി.കെ റോഡിൽ നിന്നും 450 മീറ്റർ മാത്രം) ഹൗസ്പ്ലോട്ടുകൾ കുറഞ്ഞവിലയ്ക്ക് വില്പനയ്ക്ക്.**

**ജേക്കബ് ജോൺ**

**09447066979**

---

## POSH BUNGLOW FOR SALE

എറണാകുളം കളമശേരിയിൽ 2600 Sq. Ft. രണ്ട് നില ബംഗ്ലാവ്, 12.5 സെന്റിൽ Posh ഏരിയായിൽ.

**9847402775, 9747491734**

---

പെന്തെക്കോസ്ത് യുവതി (ചേരമർ) GNM, ഡൽഹിയിൽ ജോലി, 24 വയസ്സ്, 5' 4" വെളുത്തനിറം ഇപ്പോൾ നാട്ടിലുണ്ട്. ജോലിയുള്ളവരും രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട പെന്തെക്കോസ്തു യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു.

**9446912910**

---

പെന്തെക്കോസ്തു യുവാവ്, 25, 5' 5", SSLC Pass. രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട യുവതികളുടെ മാതാപിതാക്കളിൽ നിന്നും അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.

**04735 241220**

**9495661305.**

---

പെന്തെക്കോസ്ത് സഭാ ശുശ്രൂഷകൻ, 26, 5'9", വെളുത്തനിറം, സുവിശേഷ വേലയിൽ സമർപ്പണം ഉള്ള യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു.

**0469 2656117, 9947962086**

---

സിഎസ്ഐ യുവതി (ഫെബ്രുവരി/1978) 5' 4", BA & PGDCA. വെളുത്തനിറം, അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.

**0482 2286219, 9745053143**

---

പെന്തെക്കോസ്ത് യുവതി (സാംബവ), 33 വയസ്സ്, ഇരുനിറം, SSLC Fail. അനുയോജ്യരായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു.

**9645321361**

---

Pentecostal parents inviting proposal for their daughter 24 years D.B. 87-1-22 height 5'6 she is an enginer. Working in gulf, she filled with spirit and she born and brought up in gulf she is staying with her parents she is coming on vacation on July first week, professionlly qualified boys please contact with recent photo graph.

**elsajohn53@yahoo.com**

**Ph: 9846210091**

---




# വിസിറ്റിംഗ് വിസ

QATAR, DUBAI

**തുടങ്ങിയ രാജ്യങ്ങളിലേക്ക്**

**ടൂറിസ്റ്റ് വിസ & ബിസിനസ് വിസ**

**Singapore, Malaysia, China, Thailand etc**

**Visa Stamping**

**ATTESTATION**

**Nursing, Diploma, Degree , P.G., B.Tech,**

**തുടങ്ങിയ Education Certificates-ഉം Marriage, Birth തുടങ്ങി Certificates-ഉം കേരളത്തിന് പുറത്തുള്ളവർക്കും ചുരുങ്ങിയ ചിലവിൽ അറ്റസ്റ്റേഷൻ ചെയ്തു നൽകുന്നു.**

**ഏതു രാജ്യത്തേക്കുമുള്ള Air Ticket നിങ്ങൾക്ക് ലാഭകരമായി ചെയ്തു തരുന്നു.**

## TRAWELLDAY TOURS & TRAVELS

**RELIJI SQUARE, 2ND FLOOR, MG ROAD**
**ATLANTIS JN.,KOCHI-15**
**Phone: 0484-2357007, 6005636, 6005646**

BANGALORE OFFICE - Contact: Mob:9242900636,9241241436, Tele: 080 65463646,65470343

HYDERABAD OFFICE - Contact :Mob: 9246145646

CHENNAI OFFICE - Contact: Tele : 044 65662439

**Email: trawellday.Cochin@gmail.com, visit: trawellday.in**

MARUPPACHA
Planthottam Complex
Tiruvalla - 689 101, Phone: 0469-2634321
www.marupacha.com

R.No.67619/97

# മരുപ്പച്ച

Reg. No. KL/TLA/100/2009-11
License No. KL/TLA/WPP-116/2009-11
Licensed to Post without Prepayment
Posted on 22th December 2011 at RMS Tiruvalla


ഗത്സമന തോട്ടവും,
ഒലിവുമലയും
ഗോൽഗോഥായും
കാണുമ്പോൾ...
ബൈബിൾ സംഭവങ്ങൾ
കെട്ടുകഥകളല്ല...
നൂറുനൂറു ചരിത്ര സ്മാരക
കാഴ്ചകൾ
കാണാൻ അവസരം!



ജോർദ്ദാൻ > പാലസ്തീൻ >
ഇസ്രയേൽ > ഈജിപ്ത് >
സീനായ്

## യെരുശലേമിലേക്ക്

▶▶ സഭകൾക്കും മിഷൻ സംഘടനകൾക്കും വേണ്ടി പ്രത്യേകം പാക്കേജുകൾ!

മരുപ്പച്ച ചീഫ് എഡിറ്റർ അച്ചൻകുഞ്ഞ് ഇലന്തൂർ നേതൃത്വം നല്കുന്നു.

### സന്ദർശിക്കുന്ന പ്രധാന സ്ഥലങ്ങൾ

**ഈജിപ്ത്**

ഈജിപ്ഷ്യൻ മ്യൂസിയം, പിരമിഡുകൾ, സ്ഫിങ്ക്സ്, ആദ്യ നൂറ്റാണ്ടുകളിലെ ആരാധനാലയങ്ങൾ, നൈൽ നദിയിലൂടെ ബോട്ട് യാത്ര, സൂയസ് കനാൽ തീരത്തു കൂടി യാത്ര, മുൾപ്പടർപ്പ് സീനായ്മല, പത്തു കല്പനകൾ ലഭിച്ച സ്ഥലം.

**യിസ്രായേൽ - പാലസ്തീൻ**

യെരൂശലേം നഗരം, ഒലീവ് മല, കർത്താവു പ്രാർത്ഥന പഠിപ്പിച്ച സ്ഥലം, ഓശാന വീഥി, ഗദ്സമനെ തോട്ടം, യേശു മുട്ടുകുത്തി പ്രാർത്ഥിച്ച പാറ. രണ്ടായിരം വർഷത്തിൽപരം പഴക്കമുള്ള ഒലിവ് വൃക്ഷങ്ങളും, **ബേത്ലഹേം** യേശുവിന്റെ ജന്മസ്ഥലം, ആട്ടിടയന്മാർക്ക് ദൂതന്മാർ പ്രത്യക്ഷമായ സ്ഥലം, യോഹന്നാൻ സ്നാപകന്റെ ജന്മസ്ഥലം,

**ഗോൽഗോഥാ, യെരിക്കോ, ബഥനി**

ബേദ്സെയ്ദാകുളം, ദാവീദ് രാജാവിന്റെ ശവകുടീരം, പരീക്ഷാമല, സക്കായി കർത്താവിനെ കാണാൻ കയറിയ അത്തി വൃക്ഷം, മർക്കോസിന്റെ മാളികമുറി, ബെഥെനിയിൽ മറിയയുടെയും മാർത്തയുടെയും ഭവനം, ലാസറിനെ ഉയിർപ്പിച്ച കല്ലറ, **ചാവുകടൽ**, യേശു കുരിശും ചുമന്നുപോയ വഴി, പീലാത്തോസ് വിധിപ്രസ്താവിച്ച മന്ദിരം, മുൾക്കിരീടം ചൂടിയയിടം, കുരിശിന്റെ വഴിയിലെ പതിന്നാല് സ്ഥലങ്ങൾ, യേശുവിനെ കുരിശിൽ തറച്ച സ്ഥലം, തലയോടിടം, *കർത്താവിനെ അടക്കിയ കല്ലറതോട്ടത്തിൽ ആരാധന*, കർത്താവുയിർത്തെഴുന്നേറ്റ കല്ലറ.

**സിയോൻ, നസ്രത്ത്, കാന, യോർദ്ദാൻ നദി**

ഗബ്രിയേൽ ദൂതൻ മറിയയ്ക്കു പ്രത്യക്ഷപ്പെട്ട സ്ഥലം, യോസഫിന്റെയും മറിയയുടെയും ഭവനം, യോസഫിന്റെ പണിശാല, യേശു ബാല്യകാലം ചിലവിട്ട സ്ഥലങ്ങൾ.



പച്ചവെള്ളത്തെ വീഞ്ഞാക്കിയ കാനായിലെ കല്യാണവീട്, താബോർ മല, യേശു സ്നാനമേറ്റ യോർദ്ദാൻ നദി.

**ഗലീല തടാകത്തിൽ ബോട്ടുയാത്ര**

പരസ്യ ശുശ്രൂഷ ആരംഭിച്ച കഫർന്നഹൂം, ഗിരിപ്രഭാഷണമല, യേശു വെള്ളത്തിനു മീതെ നടന്ന ഗലീല തടാകത്തിലൂടെ ബോട്ടുയാത്ര.

**ജോർദ്ദാൻ - നെബോ പർവ്വതം**

മോശെ അവസാനമായി വാഗ്ദത്ത നാട് ദർശിച്ച നെബോ പർവ്വതം.

▶▶ ഗൾഫ്, അമേരിക്ക, ഇംഗ്ലണ്ട് തുടങ്ങിയ രാജ്യങ്ങളിൽ നിന്നും നേരിട്ടു ടൂറുകൾ.

## MARUPPACHA

**Ph: 0469-2634321,Mob: 9847166994**

Website

**www.maruppachapathram.com**

E-mail

**maruppacha@yahoo.com**



**എല്ലാമാസവും ടൂറുകൾ**

### പ്രത്യേകതകൾ...

- ▶▶ സ്റ്റാർ ഹോട്ടലുകളിൽ താമസം
- ▶▶ മൂന്നുനേരവും വിഭവസമൃദ്ധമായ ഭക്ഷണം
- ▶▶ മികച്ചയാത്രാ സൗകര്യങ്ങൾ
- ▶▶ ഷോപ്പിംഗ് അവസരങ്ങൾ
- ▶▶ ആത്മീയ ചിന്തകൾ ഉണർത്തുന്ന പഠനങ്ങളും ആരാധനയും
- ▶▶ പ്രഗത്ഭരായ ഗൈഡുകളുടെ സേവനം.


Printed, published and owned by Achenkunju Elanthoor, Planthottam Complex, Tiruvalla-1. Printed at Rashtra Deepika for MGM Offset Press, Kottayam, Published at Planthottam Complex, Tiruvalla-1 Editor : Achenkunju Elanthoor.